


2021 ജൂലൈ 1

ഓൺലൈൻ പ്ലാറ്റ് ഫോം

# പ്രവർത്തന റിപ്പോർട്ട് 2019–20, 2020–21

ജനറൽ സെക്രട്ടറി സൂരജ് ജി. അവതരിപ്പിച്ചത്




SECRETARIAT
REDMI NOTE 5 PRO
MI DUAL CAMERA
2021/6/22 14:27

## ഓൾ കേരള ട്രേഡ് ഇൻസ്ട്രക്ടേഴ്സ് ആന്റ് ട്രേഡ്സ്മാൻ ഓർഗനൈസേഷൻ

### 2021 ജൂലൈ മാസം 1–ാം തീയതി ഓൺലൈൻ പ്ലാറ്റ് ഫോംമിൽ വെച്ച് നടന്ന 30–ാം സംസ്ഥാന സമ്മേളനത്തിൽ ജനറൽ സെക്രട്ടറി സൂരജ് ജി. അവതരിപ്പിക്കുന്ന വാർഷിക റിപ്പോർട്ട്.

### പ്രവർത്തന റിപ്പോർട്ട് 2019–20, 2020–21

പ്രിയ സുഹൃത്തുക്കളെ,

ട്രേഡ് ഇൻസ്ട്രക്ടർമാരുടെയും ട്രേഡ്സ്മാൻമാരുടെയും ആവശ്യങ്ങളും അവകാശങ്ങളും നേടിയെടുക്കുന്നതിനായി ശ്രീ. ഉണ്ണികൃഷ്ണൻ മാഷിന്റെ കഠിനപ്രയത്നത്തിലൂടെ 1991–ൽ എ.കെ.ടി.ഒ. രൂപീകൃതമായി.

എ.കെ.ടി.ഒ. യുടെ 30–ാമത് സംസ്ഥാന സമ്മേളനം ചരിത്രത്തിൽ ആദ്യമായി കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഓൺലൈനായി **2021 ജൂലൈ 1, 2, 3** തീയതികളിൽ നടക്കുന്ന ഈയവസരത്തിൽ ഇവിടെ പങ്കെടുക്കുന്ന ഓരോ അംഗങ്ങളേയും ഹൃദയത്തിന്റെ ഭാഷയിൽ സ്വാഗതം ചെയ്യുന്നു.

**ആദരാജ്ഞലികൾ**

പോയ വർഷം നമ്മേ വിട്ടു പിരിഞ്ഞവർ നിരവധിയാണ്. അവരുടെ ഓർമ്മകൾക്കു മുന്നിൽ അശ്രു പുഷ്പങ്ങൾ.

എ.കെ.ടി.ഒ. സംസ്ഥാന ജോയിന്റ് സെക്രട്ടറിയും കാഞ്ഞങ്ങാട് സ്വാമി നിത്യാനന്ദ പോളിടെക്നിക് കോളേജിലെ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗം ട്രേഡ് ഇൻസ്ട്രക്ടറും ആയ സജീവ് സാറിന്റെ ആകസ്മികമായ വേർപാട് സംഘടനയ്ക്ക് തീരാനഷ്ടമാണ്.

കോട്ടയം പാമ്പാടി ഗവ. ടെക്നിക്കൽ ഹൈസ്കൂളിലെ ഇലക്ട്രിക്കൽ വിഭാഗം ട്രേഡ് ഇൻസ്ട്രക്ടർ ആയിരുന്ന ഡേവിഡ് ക്രൂസ് സാറിനും, കോളേജ് ഓഫ് എഞ്ചിനീയറിംഗ് ട്രിവാൻഡ്രം (സി.ഇ.റ്റി.) മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗം ട്രേഡ് ഇൻസ്ട്രക്ടറായിരുന്ന മനോഹരൻ സാറിനും, വെണ്ണിക്കുളം ഗവ.പോളിടെക്നിക് കോളേജിലെ സിവിൽ എഞ്ചിനീയറിംഗ് വിഭാഗം ട്രേഡ് ഇൻസ്ട്രക്ടർ ആയിരുന്ന ഗോപകുമാർ സാറിനും, നെയ്യാറ്റിൻകര ഗവ: പോളിടെക്നിക് കോളേജിലെ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗം ട്രേഡ്സ്മാൻ ആയിരുന്ന സുമൻകുമാർ സാറിനും, പുനലൂർ ഗവ.പോളിടെക്നിക്ക് കോളേജിലെ കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് വിഭാഗം ട്രേഡ് ഇൻസ്ട്രക്ടർ ആയിരുന്ന ജി. അനിൽകുമാർ സാറിനും, തൃശ്ശൂർ നെടുപുഴ വനിതാ പോളിക്നിക്ക് കോളേജിലെ മെക്കാനിക്കൽ വിഭാഗം ട്രേഡ് ഇൻസ്ട്രക്ടർ ആയിരുന്ന സുബ്രഹ്മണ്യൻ മാഷിനും, കോളേജ് ഓഫ് എഞ്ചിനീയറിംഗ് ട്രിവാൻഡ്രം മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗം ട്രേഡ് ഇൻസ്ട്രക്ടർ ആയിരുന്ന അനിദാസ് സാറിനും, തിരൂർ സീതി സാഹിബ് മെമ്മോറിയൽ പോളിടെക്നിക്ക് കോളേജിലെ ഇലക്ട്രിക്കൽ എഞ്ചിനിയറിംഗ് വിഭാഗം ട്രേഡ് ഇൻസ്ട്രക്ടർ ആയിരുന്ന കെ.എം. അഹമ്മദ് കബീർ സാറിനും, തൃശ്ശൂർ ഗവ: എഞ്ചിനീയറിംഗ് കോളേജിലെ മെക്കാനിക്കൽ വിഭാഗം ട്രേഡ് ഇൻസ്ട്രക്ടർ ആയിരുന്ന ഇ.ആർ. പ്രമോദ് സാറിസാറിനും അദരാഞ്ജലികൾ അർപ്പിക്കുന്നു.

**കോവിഡ് മഹാമാരിയിൽ പകച്ച് കേരളം**

അപ്രതീക്ഷിതമായി ലോക ജനജീവിതത്തെ സ്തംഭിപ്പിച്ച കോവിഡ്-19 മഹാമാരിയിൽ നിന്ന് നമ്മൾ ഇതുവരേയും മോചിതരായിട്ടില്ല. വാക്ക്സിനേഷനിലൂടെ നമുക്ക് എത്രയും പെട്ടെന്ന് സാധാരണ ജീവിതത്തിലേക്ക് മടങ്ങി വരാൻ കഴിയുമെന്ന് പ്രത്യാശിക്കാം.

## സംഘടനാരംഗം

**29-ാം സംസ്ഥാന സമ്മേളനം**

എ.കെ.ടി.ഒ.യുടെ 29-ാം സംസ്ഥാന സമ്മേളനം കേരളത്തിന്റെ വ്യാവസായിക തലസ്ഥാന മായ ആലുവയിലെ പ്രിയദർശിനി ഹാളിൽ വെച്ച് സംസ്ഥാന പ്രസിഡന്റ് ശ്രീ. ബിജു. എസ്. രാവിലെ 9 മണിക്ക് പതാക ഉയർത്തിയതോടെ തുടക്കമായി. രാവിലെ 9.15 ന് രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചു. പതാക ഉയർത്തൽ സമയത്ത് പതിവിലും കവിഞ്ഞ അംഗങ്ങൾ കേരളത്തിന്റെ നാനാ ഭാഗങ്ങളിൽ നിന്നും എത്തിച്ചേർന്നിരുന്നു.

9.30 ന് ഈശ്വരപ്രാർത്ഥനയോടുകൂടി പ്രസിഡന്റ് ശ്രീ. എസ്. ബിജുവിന്റെ അദ്ധ്യക്ഷത യിൽ പ്രതിനിധി സമ്മേളനത്തിന് തുടക്കമായി. വൈസ് പ്രസിഡന്റ് ശ്രീ. എസ്. വത്സലകു മാർ സ്വാഗതം ആശംസിച്ചു. അദ്ധ്യക്ഷപ്രസംഗത്തെ തുടർന്ന് 2018-19 വർഷത്തെ പ്രവർത്തന റിപ്പോർട്ട് ജനറൽ സെക്രട്ടറി ശ്രീ. സൂരജ് ജി. അവതരിപ്പിച്ചു. ട്രഷറർ ശ്രീ. വി.പി. എൽദോ സ് വരവ് ചെലവ് കണക്കും അവതരിപ്പിച്ചു. (വരവ് 463318 രൂപ ചെലവ് 438669 രൂപ) തുടർ ന്ന് വിവിധ ജില്ലകളിൽ നിന്നുള്ള പ്രതിനിധികൾ സംഘടനാ തലത്തിൽ വരേ മാറ്റങ്ങളും പ്രവർത്തന മികവും അപാകതകളും ചൂ ിക്കാട്ടി സജീവ ചർച്ചയിൽ പങ്കെടുത്തു.

ഗ്രേറ്റർ കൊച്ചി വികസന അതോറിറ്റി ചെയർമാനും സ്വാഗതസംഘം ചെയർമാനുമായ അഡ്വ. വി. സലീമിന്റെ അദ്ധ്യക്ഷതയിൽ 11.30 ന് പൊതു സമ്മേളനത്തിന് തുടക്കമായി. എ.കെ.ടി.ഒ. സംസ്ഥാന പ്രസിഡന്റ് ശ്രീ. എസ്. ബിജു സ്വാഗതം ആശംസിച്ചു. സ്വാഗത പ്ര സംഗത്തിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ട്രേഡ്സ്മാൻ ട്രേഡ് ഇൻസ്ട്രകർ വിഭാഗ ക്കാരുടെ പ്രശ്നങ്ങളും ആവശ്യങ്ങളും സൂചിപ്പിക്കുകയു ായി. തുടർന്ന് ശ്രീ. അൻവർ സാദത്ത് എം.എൽ.എ. ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. ട്രേഡ് ഇസ്ട്രക്ടർമാരുടെ റേഷ്യോ പ്രമോഷൻ 1:1:1 ആക്കുവാനുള്ള നടപടികൾ സ്വീകരിക്കാമെന്ന് ഉറപ്പ് നൽകി. സമഗ്രസംഭാവ നയ്ക്കുള്ള പ്രഥമ ആക്റ്റോ നവരത്ന അവാർഡ്, ശാസ്ത്ര റോബോട്ടിക്സിന് ശ്രീ. അൻവർ സാദത്ത് എം.എൽ.എ. നൽകി. തുടർന്ന് ആലുവ മുനിസിപ്പൽ ചെയർപേഴ്സൺ ശ്രീമതി ലിസ്സി ഏബ്രഹാം, അഡ്വ. മനോജ് വാസു, എൻ.ജി.ഒ.അസ്സോസിയേഷൻ ജനറൽ സെക്രട്ടറി ശ്രീ. ഇ.എൻ. ഹർഷകുമാർ, ജോ. കൗൺസിൽ സെക്രട്ടറിയേറ്റ് അംഗം ശ്രീ. സി.എ. അനീഷ്, എൻ.ജി.ഒ. ഫ്ര ് ജനറൽ സെക്രട്ടറി ശ്രീ.സജി ചിറയത്ത്, എൻ.ജി.ഒ. സംഘ് സംസ്ഥാന സെക്രട്ടറി ശ്രീ. കെ.എം. രാജീവ്, ജി.പി.റ്റി.എസ്.എ. സംസ്ഥാന സെക്രട്ടറി ശ്രീ. ഡി. പ്രകാശൻ, ഡെക്റ്റോ സംസ്ഥാന ട്രഷർ ശ്രീ. വിനോദ്കുമാർ എന്നിവർ ആശംസകൾ അർ പ്പിച്ചു. ജനറൽ സെക്രട്ടറി ശ്രീ. സൂരജ് ജി. നന്ദി രേഖപ്പെടുത്തി. ഉച്ചഭക്ഷണത്തിന് മുമ്പുത ന്നെ ജന. സെക്രട്ടറി ചർച്ചയ്ക്കുള്ള മറുപടി പ്രസംഗം നടത്തി തുടർന്ന് പ്രവർത്തന റിപ്പോർ ട്ടും വരവ് ചെലവ് കണക്കുകളും സമ്മേളനം അംഗീകരിച്ചു.

ഉച്ചയ്ക്കുശേഷം യാത്രയയപ്പ് സമ്മേളനത്തിന് വൈസ് പ്രസിഡന്റ് ശ്രീ. ആന്റണി സിജോ ജോർജ് അദ്ധ്യക്ഷത വഹിച്ചു. ശ്രീ. അജയകുമാർ പി.ടി. സ്വാഗതം ആശംസിച്ചു. ദീർഘകാല ത്തെ സേവനത്തിനുശേഷം സർവ്വീസിൽ നിന്നും വിരമിക്കുന്ന സംഘടനാ അംഗങ്ങൾക്ക് ഉപഹാരസമർപ്പണം ശ്രീ. എസ്. ബിജു നിർവ്വഹിച്ചു. 10, +2 പരീക്ഷയിൽ ഉന്നത വിജയം കര സ്ഥമാക്കിയ അക്റ്റോ അംഗങ്ങളുടെ മക്കൾക്ക് ഉപഹാരവും സമ്മാനിച്ചു. ശ്രീ. ജോബി ജോ യി, ശ്രീ. കിരൺ എന്നിവർ ആശംസകൾ അർപ്പിച്ചു. തുടർന്ന് സംഘടനാ സെഷൻ ശ്രീ. ഗിരിചന്ദ്രൻ നായർ (വൈസ് പ്രസിഡന്റ്) അദ്ധ്യക്ഷത വഹിച്ചു. ശ്രീ.എൻ. ശ്രീജിമോൻ സ്വാഗതം ആശംസിച്ചു. ശ്രീ. വി.പി. എൽദോസ് (ട്രഷറർ) ഉദ്ഘാടനം ചെയ്തു. ജന. സെക്ര ട്ടറി ശ്രീ.സൂരജ് ജി. ബൈലോ ഭേദഗതി അവതരിപ്പിച്ചു. തുടർ ചർച്ചയിൽ 14 ജില്ലകളിലുമുള്ള പ്രതിനിധികൾ പങ്കെടുത്തു. ബൈലോ ഭേദഗതി യോഗം അംഗീകരിച്ചു. പ്രമേയം അവതരണ

ത്തിലൂടെ 14 ജില്ലകളിൽ നിന്നുള്ള പ്രതിനിധികൾ അവതരിപ്പിച്ച പ്രമേയങ്ങൾ സമ്മേളനം അംഗീകരിച്ചു.

2019–20 വർഷത്തെ പ്രവർത്തന രൂപരേഖ ജനറൽ സെക്രട്ടറി ശ്രീ. സൂരജ് ജി. അവതരിപ്പിച്ചു. ശ്രീ. എൽബി വർഗ്ഗീസ് നന്ദി രേഖപ്പെടുത്തി. 2019–20 വർഷത്തെ സംഘടനാ ഭാരവാഹികളെ റിട്ടേണിംഗ് ഓഫീസർ ശ്രീ.ശാമുവൽ ഉമ്മന്റെ നേതൃത്വത്തിൽ തെരഞ്ഞെടുത്തു. ശ്രീ. ബിജു എസ്. പ്രസിഡന്റ്, ശ്രീ.സൂരജ് ജി. ജനറൽ സെക്രട്ടറി, ശ്രീ. വി.പി. എൽദോസ് ട്രഷറർ ആയും വീ ും തെരഞ്ഞെടുക്കപ്പെട്ടു.

## തീരുമാനങ്ങൾ

1. ബൈലോ ഭേദഗതി ഗവൺമെന്റിൽ സമർപ്പിക്കുവാൻ ജനറൽ.സെക്രട്ടറിയെ ചുമതലപ്പെടുത്തി.

2. 2018–19 വർഷത്തെ പ്രവർത്തന റിപ്പോർട്ട് വരവ്–ചെലവ് കണക്കുകളും അംഗീകരിച്ചു.

3. ട്രേഡ് ഇൻസ്ട്രക്ടർമാരുടെ റേഷ്യോ പ്രമോഷൻ 1:1:3 യിൽ നിന്നും 1:1:1 ആക്കി മാറ്റുവാനുള്ള നടപടികൾ സ്വീകരിക്കുക.

4. ട്രേഡ്സ്മാന്റെ ക്വാളിഫിക്കേഷൻ റ്റി.എച്ച്.എസ്.എൽ.സി അല്ലെങ്കിൽ എസ്.എസ്.എൽ.സി.+എൻ.റ്റി.സി. എന്നത് എസ്.എസ്.എൽ.സി. + എൻ.റ്റി.സി. അല്ലെങ്കിൽ റ്റി.എച്ച്.എസ്.എൽ.സി.എന്നാക്കി സ്പെഷ്യൽ റൂൾ ഭേദഗതിയിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യപ്പെടുവാൻ തീരുമാനിച്ചു.
5. നിർത്തലാക്കിയ കോമ്പൻസേറ്ററി അലവൻസ് പുനഃസ്ഥാപിച്ചു കിട്ടുവാനായി ബഹുമാനപ്പെട്ട മന്ത്രിയുടെ ഫയൽ അദാലത്തിൽ ഉൾപ്പെടുത്തുവാൻ ജനറൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

## 2019– 20 വർഷത്തെ സംഘടനാ ഭാരവാഹികൾ

| | |
|---|---|
| സംസ്ഥാന പ്രസിഡന്റ് | : ശ്രീ. ബിജു എസ്., എസ്.എൻ.പി.ടി.സി. കൊട്ടിയം |
| ജനറൽ സെക്രട്ടറി | : ശ്രീ. സൂരജ് ജി., ജി.റ്റി.എച്ച്.എസ്., പാമ്പാടി, കോട്ടയം |
| ട്രഷറർ | : ശ്രീ. വി.പി. എൽദോസ്, എം.എ.സി.ഇ. കോതമംഗലം |
| വൈസ് പ്രസിഡന്റുമാർ | : ശ്രീ. എസ്. വത്സലകുമാർ, ജി.ഇ.സി., കണ്ണൂർ |
| | : ശ്രീ. ആന്റണി സിജോ ജോർജ്, ജി.ഇ.സി., പാലക്കാട് |
| | : ശ്രീ.ആർ. ഗിരിചന്ദ്രൻനായർ, എൻ.എസ്.എസ്. പോളിടെക്നിക് കോളേജ്, പന്തളം |
| | : ശ്രീ. എൻ.ആർ. ശ്രീജിമോൻ, ജി.റ്റി.എച്ച്.എസ്., ബത്തേരി |
| ജോ. സെക്രട്ടറിമാർ | : ശ്രീ. രഞ്ജിത്കുമാർ, ജി.ഇ.സി. പാലക്കാട് |
| | : ശ്രീ. അജയകുമാർ പി.ടി., കെ.ജി.പി.റ്റി.സി., കോഴിക്കോട് |
| | : ശ്രീ. എൽദോ കെ.സി., ജി.ഇ.സി. തൃശ്ശൂർ |
| | : ശ്രീ. സജീവ് ടി., എസ്.എൻ.പി.റ്റി.സി., കാഞ്ഞങ്ങാട് |
| സോണൽ സെക്രട്ടറിമാർ | : ശ്രീ. സലിം എ., റ്റി.കെ.എം.സി.ഇ., കൊല്ലം |
| | : ശ്രീ. കിരൺ എം., ജി.പി.റ്റി.സി., മുട്ടം |
| | : ശ്രീ. ജോബി ജോയി, എം.എ.സി.ഇ., കോതമംഗലം |
| | : ശ്രീ. ഷാനവാസ് ടി.ഐ.,എസ്.എസ്.എം.പോളിടെക്നിക്, തിരൂർ |
| ഓഡിറ്റേഴ്സ് | : ശ്രീ. സജികുമാർ കെ.കെ., ജി.റ്റി.എച്ച്.എസ്., പാമ്പാടി |
| | : ശ്രീ. പ്രവീൺ കെ.രാജൻ, എസ്.എൻ.പി.റ്റി.സി., കൊട്ടിയം |

## 29–ാം സംസ്ഥാന സമ്മേളന സ്വാഗതസംഘം പിരിച്ചുവിടൽ

എ.കെ.ടി.ഒ. 29–ാം സംസ്ഥാന സമ്മേളന സ്വാഗത സംഘം പിരിച്ചുവിടൽ യോഗം ആലുവ ഹോട്ടൽ മഹനാമി കോൺഫറൻസ് ഹാളിൽ വച്ച് 2019 മെയ് 18 ശനിയാഴ്ച ഉച്ചയ്ക്ക് 1.00 മണിക്ക് സ്വാഗതസംഘം വൈസ്ചെയർമാൻ അഡ്വ: മനോജ് വാസുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു.

ഈശ്വരപ്രാർത്ഥനയ്ക്കു ശേഷം സംസ്ഥാന പ്രസിഡന്റ് ശ്രീ. എസ്. ബിജു സ്വാഗതം ആശംസിച്ചു. ട്രേഡ് ഇൻസ്ട്രക്ടർമാരുടെ റേഷ്യോ പ്രമോഷനുവേ  യിയുള്ള പ്രക്ഷോഭ പരിപാടികൾ മുൻകൈയെടുത്ത് നടത്തണമെന്നും അതിനു വേ  യിയുള്ള എല്ലാ പിന്തുണയും നൽകുന്നതായും അഡ്വ: മനോജ് വാസു അദ്ധ്യക്ഷ പ്രസംഗത്തിൽ ഉറപ്പുനൽകി. ചിട്ടയോടുകൂടിയ വലിയ ഒരു സംസ്ഥാന സമ്മേളനം നടത്തിയ ഭാരവാഹികളെ സ്വാഗതസംഘം വൈസ് ചെയർമാൻ അഡ്വ: മനോജ് വാസു അഭിനന്ദിക്കുകയും സംഘടനയ്ക്ക് തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് എല്ലാവിധ പിന്തുണയും നൽകുന്നതായി അറിയിച്ചു.

ജനറൽ സെക്രട്ടറി ശ്രീ.സൂരജ് ജി. 29–ാം സംസ്ഥാന സമ്മേളന റിപ്പോർട്ടും ട്രഷറർ ശ്രീ. വി. പി.  എൽദോസ് വരവ് ചെലവ് കണക്കുകളും അവതരിപ്പിച്ചു. സമ്മേളന വരവ് 2,52,010 രൂപയും ചെലവ് 1,96,365 രൂപയുമാണ്. സംസ്ഥാനസമ്മേളനത്തെ കുറിച്ച് യോഗം അവലോകനം ചെയ്തു. യോഗത്തിൽ എത്തിയ എല്ലാപ്രതിനിധികളും സജീവ ചർച്ചയിൽ പങ്കെടുത്തു. റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും യോഗം അംഗീകരിച്ചു.

സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ.ആന്റണി സിജു ജോർജ്ജ്, ജോയിന്റ് സെക്രട്ടറിമാരായ ശ്രീ. അജയകുമാർ പി.റ്റി.,  ശ്രീ.കെ.സി. എൽദോ, സംസ്ഥാന കമ്മറ്റി പ്രതിനിധികളായ ശ്രീ. ജിജോ റ്റി. ആർ.,  ശ്രീ. നിജേഷ്എം., ശ്രീ.സുജിത്ത് കുമാർ കെ.ബി. തുടങ്ങിയവർ സംസാരിച്ചു. 29–ാം സംസ്ഥാന സമ്മേളന സ്വാഗതസംഘം പിരിച്ചുവിടുന്നതായി സ്വാഗത സംഘം വൈസ് ചെയർമാൻ അഡ്വ: മനോജ് വാസു പ്രഖ്യാപിച്ചു. യോഗത്തിൽ പങ്കെടുത്ത എല്ലാപ്രതിനിധികൾക്കും സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. എൻ. ആർ. ശ്രീജി മോൻ നന്ദി പ്രകാശിപ്പിച്ചു. ഉച്ചയ്ക്ക് 1.45 യോഗം അവസാനിച്ചു.

## പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ

01–03–2019 :– ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ. ഡോ. ജലീലിന്റെ സാന്നിദ്ധ്യത്തിൽ നടത്തപ്പെട്ട ഫയൽ അദാലത്തിൽ ജനറൽ സെക്രട്ടറി ശ്രീ. സൂരജ് ജി. വൈസ് പ്രസിഡന്റ് ശ്രീ. എസ്. വത്സലകുമാർ എന്നിവർ പങ്കെടുത്തു. ട്രേഡ് ഇൻസ്ട്രക്ടർമാരുടെ റേഷ്യോ പ്രമോഷൻ, കോമ്പൻസേറ്ററി അലവൻസ് സംബന്ധിച്ച ഫയലുകളാണ് പരിഗണനയിൽ ഉള്ളത്.

02–03–2019 :– എ.കെ..ടി..ഒ. സംസ്ഥാന കമ്മറ്റി പ്രതിനിധികൾക്ക് വിതരണംചെയ്യുവാനായി 2019 വർഷത്തെ ഡയറിയും കലണ്ടറും,  സർക്കാരിൽ അപേക്ഷ നൽകുകയും അത് വിതരണത്തിനായി ലഭിക്കുകയും ചെയ്തു.

18–03–2019 :– എഞ്ചിനീയറിംഗ് കോളേജുകളിലെ 2019–20 അദ്ധ്യയന വർഷത്തെ മദ്ധ്യവേനലവധി മാറ്റം വരുത്താതെ ഏപ്രിൽ–മെയ് മാസങ്ങളിൽ തന്നെ നിലവിർത്തണമെന്ന് ആവശ്യപ്പെട്ട് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് മേധാവി, Principal Sreekrishnapuram, Principal RIT Kottayam, Principal TKMCE Kollam, Principal GCE Kannur, Principal CET Thiruvanathapuram. Principal GCE Barton Hill, Principal GEC Idukki, Principal MACE Kothamangalam, Principal GEC Thrissur, Principal GEC Wayanad എന്നിവർക്ക് നിവേദനം നൽകി.

22–03–2019 :– 2019–20 അദ്ധ്യയന വർഷത്തെ എഞ്ചിനീയറിംഗ് കോളേജുകളിലെ മദ്ധ്യവേനലവധി മാറ്റുവാനുള്ള സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ നീക്കത്തിനെതിരെ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ. ഡോ. കെ.റ്റി. ജലീലിനും, ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഉഷാ ടൈറ്റസിനും നിവേദനം നൽകി.

27–04–2019 :– സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ വിശേഷാൽ ചട്ടത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സംഘടന സമർപ്പിച്ചു.
29–04–2019 :– പാമ്പാടി (കോട്ടയം ജില്ല) ഗവ:ടെക്നിക്കൽ ഹൈ–സ്കൂളിലെ ഇലട്രിക്കൽ വിഭാഗം ട്രേഡ് ഇൻസ്ട്രക്ടർ ആയിരുന്ന ഡേവിഡ് ക്രൂസ് സാറിന്റെ സംസ്കാര ചടങ്ങുകളിൽ സംസ്ഥാന പ്രസിഡന്റ് ശ്രീ. എസ്. ബിജു, വൈസ് പ്രസിഡന്റ്മാരായ ശ്രീ. ഗിരിചന്ദ്രൻ നായർ, ശ്രീ.എൻ.ആർ. ശ്രീജിമോൻ എന്നിവർ പങ്കെടുക്കുകയും റീത്ത് സമർപ്പിക്കുകയും ചെയ്തു.

18–05–2019 :– ആക്റ്റോ സംസ്ഥാന കമ്മറ്റിയോഗം രാവിലെ 11.00 മണിക്ക്സംസ്ഥാന പ്രസിഡന്റ് ശ്രീ. എസ്.ബിജുവിന്റെ അദ്ധ്യക്ഷതയിൽ ആലുവ ഹോട്ടൽ മഹനാമി കോൺഫറൻസ് ഹാളിൽ വച്ച് ചേർന്നു. ജനറൽ സെക്രട്ടറി സൂരജ് ജി. ഒരുവർഷത്തെ പ്രവർത്തന രൂപരേഖ അവതരിപ്പിച്ചു.

ആക്റ്റോ 29–ാം സംസ്ഥാന സമ്മേളന സ്വാഗത സംഘം പിരിച്ചുവിടൽ യോഗം ആലുവ ഹോട്ടൽ മഹനാമി കോൺഫറൻസ് ഹാളിൽ വച്ച് 2019 മെയ് 18 ശനിയാഴ്ച ഉച്ചയ്ക്ക് 1.00 മണിക്ക് സ്വാഗതസംഘം വൈസ് ചെയർമാൻ അഡ്വ: മനോജ് വാസു–വി–ന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. 29––ാം സംസ്ഥാന സമ്മേളനത്തെകുറിച്ച് യോഗം അവലോകനം ചെയ്തു.

02–06–2019 :– സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ട്രേഡ് ഇൻസ്ട്രക്ടർമാരുടെ റേഷ്യോ പ്രമോഷൻ സംബന്ധിച്ച് നിയമസഭയിൽ ഉന്നയിക്കുവാൻ ആവശ്യപ്പെട്ട് ജനറൽ സെക്രട്ടറി ശ്രീ. സൂരജ് ജി. വൈസ് പ്രസിഡന്റ് ശ്രീ. എൻ. ആർ. ശ്രീജിമോൻ എന്നിവർ തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ.യെ കണ്ടു.

03–06–2019 :– 2018––19 വർഷത്തെ വാർഷിക റിപ്പോർട്ടും വരവ് ചിലവ് കണക്കും, 2019–2020 വർഷത്തേക്കുള്ള ഭാരവാഹികളുടെ വിവരങ്ങളും പി.ആന്റ്എ.ആർ.ഡി. സെക്രട്ടറിയ്ക്കും, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് മേധാവിയ്ക്കും ജനറൽ സെക്രട്ടറി സമർപ്പിച്ചു.

10–06–2019 :– ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജിൽ 2019–20 അദ്ധ്യയന വർഷത്തെ വെക്കേഷൻ ഡ്യൂട്ടിക്ക് ശനി, ഞായർ, പൊതു അവധി ദിനങ്ങൾ തുടങ്ങിയവ ആർജ്ജിതാവധിക്ക് പരിഗണിക്കില്ല എന്ന തീരുമാനത്തിനെതിരെ ജനറൽ സെക്രട്ടറി പ്രിൻസിപ്പാളിന് നിവേദനം നൽകി.

23–06–2019 :– എഞ്ചിനീയറിംഗ് കോളേജുകളിൽ ആർജ്ജിതാ–വധി അനുവദിക്കുമ്പോൾ പൊതു അവധി ദിവസങ്ങൾ കൂടി ഉൾപ്പെടുത്തി കണക്കാക്കേണ്ടതില്ല എന്ന തീരുമാനത്തിനെതിരെ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി, ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ എന്നിവർക്ക് സംസ്ഥാന പ്രസിഡന്റ്, ജനറൽ സെക്രട്ടറി എന്നിവർ നിവേദനം നൽകി.

24–06–2019 :– +2 പാസ്സായ വിദ്യാർത്ഥി–കൾക്ക് പോളിടെക്നിക് കോളേജുകളിൽ മൂന്നാം സെമസ്റ്ററിൽ നേരിട്ട് ലാറ്ററൽ എൻട്രി പ്രവേശനം നൽകുവാ–നുള്ള തീരുമാനത്തിനെതിരെ ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി, ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി, സാങ്കേതിക വിദ്യാ–ഭ്യാസ വകുപ്പ് മേധാവി എന്നിവർക്ക് നിവേദനം നൽകി.

01–08–2019 :– സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലും 2020 മുതൽ മദ്ധ്യവേനലവധി കെ.റ്റി.യു.വിന്റെ കലണ്ടർ പ്രകാരം ജൂൺ, ജൂലൈ മാസങ്ങളിലാക്കി ഉത്തരവിറക്കി. മദ്ധ്യവേനലവധി ഏപ്രിൽ –മെയ് മാസങ്ങളിലാക്കി നിലനിർത്തണമെന്ന് ആവശ്യപ്പെട്ട് ആക്റ്റോ പ്രസിഡന്റ്, ജനറൽ സെക്രട്ടറി എന്നിവർ ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസവകുപ്പ് മന്ത്രി ശ്രീ.കെ.റ്റി. ജലീൽ,

APJ അബ്ദുൽ കലാം സാങ്കേതിക സർവകലാശാല വൈസ്ചാൻസിലർ ഡോ. രാജശ്രീ എം. എസ്സ്., സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ഡോ. കെപി. ഇന്ദിരദേവി എന്നിവരെ കാണുകയും നിവേദനം നൽകുകയും ചെയ്തു.

04–08–2019 :– തൃശ്ശൂർ ജില്ലാ മെമ്പർഷിപ്പ് വിതരണോദ്ഘാടനം ഗവ: എഞ്ചിനീയറിംഗ് കോളേജ് തൃശ്ശൂരിൽ സ്റ്റേറ്റ് ജോയിന്റ് സെക്രട്ടറി ശ്രീ .എൽദോ കെ .സി, ശ്രീമതി ശുഭ .സി. എസി. ന് മെമ്പർഷിപ്പ് നൽകി നിർവ്വഹിച്ചു. ജില്ലാ പ്രസിഡന്റ് അബ്ദുൽ നൗഷാദ്, സെക്രട്ടറി സജീവ്, യൂണിറ്റ് സെക്രട്ടറി ജിനു ജോൺ എന്നിവർ പ്രസ്തുത ചടങ്ങിൽ പങ്കെടുത്തു.

05–08–2019 :– ടെക്നിക്കൽ ഹൈസ്കൂൾ, കാവാലം യൂണിറ്റ്(ആലപ്പുഴ ജില്ല) സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ.എൻ.ആർ ശ്രീജിമോൻ സന്ദർശിക്കുകയും മെമ്പർഷിപ്പ് വിതരണം നടത്തുകയും ചെയ്തു.

09–08–2019 :–എഞ്ചിനീയറിംഗ് കോളേജുകളിൽ മദ്ധ്യവേനലവധി ഏപ്രിൽ,മെയ് മാസങ്ങളിലാക്കി നിലനിർത്തണമെന്ന് ആവശ്യപ്പെട്ട് ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഉഷാ ടൈറ്റസ്സ് ഐ.എ.എസ്സ് നെ സംസ്ഥാന പ്രസിഡന്റ്, ജനറൽ സെക്രട്ടറിയും കാണുകയും നിവേദനം നൽകുകയും ചെയ്തു.

30–08–2019 :– സംസ്ഥാന എക്സിക്യൂട്ടീവ് കമ്മറ്റി യോഗം രാവിലെ 9.30 മണിയ്ക്ക് സംസ്ഥാന പ്രസിഡന്റ് ശ്രീ. എസ്. ബിജുവിന്റെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരം YMCA കോൺഫറൻസ് ഹാളിൽ വച്ച് ചേർന്നു. ജനറൽ സെക്രട്ടറി സൂരജ് ജി. പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ന്യൂസ് ലെറ്ററിന്റെ തേർഡ് വോള്യം സംസ്ഥാന പ്രസിഡന്റ് ശ്രീ. എസ്. ബിജു പ്രകാശനം ചെയ്തു.

സംസ്ഥാനതല മെമ്പർഷിപ്പ് വിതരണോദ്ഘാടനം കോളേജ് ഓഫ് എഞ്ചിനീയറിംഗ് ട്രിവാൻഡ്രത്ത്(CET) ഉച്ചയ്ക്ക്1.00 മണിയ്ക്ക് സംസ്ഥാന പ്രസിഡന്റ് ശ്രീ. എസ്. ബിജു നിർവ്വഹിച്ചു. സംസ്ഥാന എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾ പ്രസ്തുത ചടങ്ങിൽ പങ്കെടുത്തു.

05–09–2019 :–പത്തനംതിട്ട ജില്ലാ മെമ്പർഷിപ്പ് വിതരണോദ്ഘാടനം എൻ.എസ്.എസ്.പോളിടെക്നിക് കോളേജ്, പന്തളത്ത് സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. ഗിരിചന്ദ്രൻ നായർ നിർവഹിച്ചു

05–09–2019 :– ഗവ: ടെക്നിക്കൽ ഹൈസ്കൂൾ കൊടുങ്ങല്ലൂർ(തൃശൂർ ജില്ലാ)യൂണിറ്റ് മെമ്പർഷിപ്പ് വിതരണോദ്ഘാടനം സംസ്ഥാന ജോയിന്റ് സെക്രട്ടറി ശ്രീ.അജയകുമാർ പി.ടി..നിർവഹിച്ചു

18–09–2019 :– കോഴിക്കോട് ജില്ലാ മെമ്പർഷിപ്പ് വിതരണോദ്ഘാടനം ഠങട ജമ്യ്യീഹഃശ യിൽ സംസ്ഥാന ജോയിന്റ് സെക്രട്ടറി ശ്രീ.അജയകുമാർ പി.ടി .നിർവഹിച്ചു.

22–09–2019 :– വയനാട് ജില്ലാ മെമ്പർഷിപ്പ് വിതരണോദ്ഘാടനം ഠങട സുൽത്താൻ ബത്തേരിയിൽ സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ.എൻ.ആർ ശ്രീജിമോൻ നിർവ്വഹിച്ചു.

22–09–2019 :– ഗവ: ടെക്നിക്കൽ ഹൈസ്കൂൾ വടകര (കോഴിക്കോട് ജില്ലാ) യൂണിറ്റ് സംസ്ഥാന ജോയിന്റ് സെക്രട്ടറി ശ്രീ.അജയകുമാർ പി.ടി സന്ദർശിക്കുകയും മെമ്പർഷിപ്പ് വിതരണം നടത്തുകയും ചെയ്തു.

11–10–2019 :–പാലക്കാട് ജില്ലാ മെമ്പർഷിപ്പ് വിതരണോദ്ഘാടനം ഗവ: എഞ്ചിനീയറിംഗ് കോളേജ് ശ്രീകൃഷ്ണപുരത്ത് സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ.ആന്റണി സിജു ജോർജ് മെക്കാനിക്കൽ വിഭാഗം ട്രേഡ്സ്മാൻ ശ്രീ.പ്രശാന്ത് ( പുതിയ അംഗം) അവർകൾക്ക് നൽകി നിർവ്വഹിച്ചു.

14–10–2019 :– ഗവ. ടെക്നിക്കൽ ഹൈസ്കൂൾ കൃഷ്ണപുരം, വിമൻസ് പോളിടെക്നിക് കോളേജ് കായംകുളം, ഗവ. ടെക്നിക്കൽ ഹൈസ്കൂൾ ഹരിപ്പാട്, കാർമൽ പോളിടെക്നിക്

കോളേജ് പുന്നപ്ര, ഗവ.പോളിടെക്നിക് കോളേജ്, ചേർത്തല എന്നീ യൂണിറ്റുകൾ (ആലപ്പുഴ ജില്ല), സംസ്ഥാന പ്രസിഡന്റ് ശ്രീ. എസ്. ബിജു, ജനറൽ സെക്രട്ടറി ശ്രീ. സൂരജ് ജി, വൈസ് പ്രസിഡന്റ് ശ്രീ.എസ്. വത്സലകുമാർ, ശ്രീ. ഗിരിചന്ദ്രൻ നായർ എന്നിവർ സന്ദർശിക്കുകയും മെമ്പർഷിപ്പ് വിതരണം നടത്തുകയും ചെയ്തു.
15–10–2019 :– എൻ.എസ്സ്.എസ്സ്. പോളിടെക്നിക് കോളേജ്,പന്തളം യൂണിറ്റ്(പത്തനംതിട്ട ജില്ല), ആക്റ്റോ സംസ്ഥാന പ്രസിഡന്റ് ശ്രീ. എസ്. ബിജു, വൈസ് പ്രസിഡന്റ് ശ്രീ.എസ്. വത്സലകുമാർ, ശ്രീ. ഗിരിചന്ദ്രൻ നായർ എന്നിവർ സന്ദർശിച്ചു.

22–10–2019 :– ഗവ. ടെക്നിക്കൽ ഹൈസ്കൂൾ മൊഗ്രാൽപുത്തൂർ യൂണിറ്റ് (കാസർഗോഡ് ജില്ല) സംസ്ഥാന സെക്രട്ടറി ശ്രീ. സജീവ് ടി., ശ്രീ.ഷിനോജ് എന്നിവർ സന്ദർശിച്ചു.

23–10–2019 :– ഗവ. പോളിടെക്നിക് കോളേജ്, തോട്ടട കണ്ണൂർ, ഗവ. ടെക്നിക്കൽ ഹൈസ്കൂൾ തോട്ടട, ഗവ. പോളിടെക്നിക് കോളേജ്, മട്ടന്നൂർ എന്നീ യൂണിറ്റുകൾ (കണ്ണൂർ ജില്ല), ആക്റ്റോ സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ.എസ്. വത്സലകുമാർ, സംസ്ഥാന കമ്മിറ്റിയംഗം ശ്രീ. സതീശൻ കെ.എന്നിവർ സന്ദർശിച്ചു.

24–10–2019 :– നവംബർ 2 ലെ സ്റ്റേറ്റ് ധർണയുടെ പ്രചരണാർത്ഥം സ്റ്റേറ്റ് ജോയിന്റ് സെക്രട്ടറി എൽദോ കെ.സി., ജില്ലാ പ്രസിഡന്റ് നൗഷാദ്, സെക്രട്ടറി സജീവ് എന്നിവർ തൃശ്ശൂർ ഗവ. ടെക്നിക്കൽ ഹൈസ്കൂളിലും മഹാരാജാസ് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലും സന്ദർശനം നടത്തി.

25–10–2019 :– ഗവ:എഞ്ചിനീയറിംഗ് കോളേജ് ബാർട്ടൻ ഹിൽ യൂണിറ്റ്(തിരുവനന്തപുരം ജില്ല), സംസ്ഥാന പ്രസിഡന്റ് ശ്രീ. എസ്. ബിജു, ജനറൽ സെക്രട്ടറി ശ്രീ. സൂരജ് ജി എന്നിവർ സന്ദർശിച്ചു.
നവംബർ 2 ലെ സ്റ്റേറ്റ് ധർണയുടെ പ്രചരണാർത്ഥം സ്റ്റേറ്റ് ജോയിന്റ് സെക്രട്ടറി എൽദോ കെ.സി., ജില്ലാ പ്രസിഡന്റ് നൗഷാദ്, സെക്രട്ടറി സജീവ് എന്നിവർ തൃശൂർ ത്യാഗരാജാർ പോളിടെക്നിക്കിൽ സന്ദർശനം നടത്തി.

29–10–2019 :– ഗവ.പോളിടെക്നിക് കോളേജ് ആറ്റിങ്ങൽ, ഗവ.ടെക്നിക്കൽഹൈസ്കൂൾ നെടുമങ്ങട്, ഗവ.പോളിടെക്നിക് കോളേജ് നെടുമങ്ങാട്, ഗവ.പോളിടെക്നിക് കോളേജ്, നെയ്യാറ്റിൻകര (തിരുവനന്തപുരം ജില്ല) എന്നീ യൂണിറ്റുകൾ സംസ്ഥാന പ്രസിഡന്റ് ശ്രീ. എസ്. ബിജു, ജനറൽ സെക്രട്ടറി ശ്രീ. സൂരജ് ജി, വൈസ് പ്രസിഡന്റ് ശ്രീ. ഗിരിചന്ദ്രൻ നായർ എന്നിവർ സന്ദർശിക്കുകയും മെമ്പർഷിപ്പ് വിതരണം നടത്തുകയും ചെയ്തു.

31–10–2019 :– ധർണ്ണയോട് അനുബന്ധിച്ച് ട്രിവാൻഡ്രം പ്രസ് ക്ളബിൽ വച്ച് നടത്തിയ പത്ര സമ്മേളനത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ സൂരജ് ജി, വൈസ് പ്രസിഡന്റ്മാരായ ശ്രീ.എസ്.വത്സലകുമാർ, ശ്രീ. ഗിരിചന്ദ്രൻനായർ എന്നിവർ പങ്കെടുത്തു.

02–11–2019 :– ഓൾ കേരള ട്രേഡ് ഇൻസ്ട്രക്ടേഴ്സ് ആൻഡ് ട്രേഡ്സ്മാൻ ഓർഗനൈസേഷൻ(ആക്റ്റോ) സംസ്ഥാന കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിനു മുൻപിൽ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നടത്തിയ ധർണ്ണ ബഹു.പ്രതിപക്ഷ നേതാവ് ശ്രീ.രമേഷ് ചെന്നിത്തല ഉദ്ഘാടനം ചെയ്തു.

ആക്റ്റോ കാലങ്ങളായി ആവശ്യപ്പെട്ടുവരുന്ന ട്രേഡ് ഇൻസ്ട്രക്ടേഴ്സ്മാരുടെ റേഷ്യോ പ്രമോഷൻ 1:1:1 ആക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. എഞ്ചിനീയറിംഗ് കോളേജുകളിലെ ഏപ്രിൽ, മേയ് മാസങ്ങളിലെ മദ്ധ്യവേനലവധി ജൂൺ, ജൂലൈ മാസങ്ങളിലെ കാലവർഷത്തിലേയ്ക്ക് മാറ്റിയ തുഗ്ലക്ക് പരിഷ്കാരം പിൻവലിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ധർണ്ണയുടെ മുഖ്യ പ്രഭാഷണം ഫോർവേഡ് ബ്ലോക്ക് ജനറൽ സെക്രട്ടറി ശ്രീ.ജി.ദേവരാജൻ നടത്തി.

ധർണ്ണയെ അഭിവാദ്യം ചെയ്തുകൊണ്ട് സംസ്ഥാന പ്രസിഡന്റ് ശ്രീ. ബിജു.എസ്, ജനറൽ സെക്രട്ടറി ശ്രീ. സൂരജ് ജി, ശ്രീ. നൈസാം, ശ്രീ. വൽസലകുമാർ, ശ്രീ. ഗിരിചന്ദ്രൻ നായർ, ശ്രീ. വി.പി.എൽദോസ്, ശ്രീ. സുരേന്ദ്രൻ ആചാരി, ശ്രീ. പ്രസാദ് തുടങ്ങിയവർ സംസാരിച്ചു.

18–11–2019 :– സംസ്ഥാന പ്രസിഡന്റ് ശ്രീ. എസ്. ബിജു, ജനറൽ സെക്രട്ടറി ശ്രീ. സൂരജ് ജി എന്നിവർ AICTE Regional Office, Thiruvananthapuram സന്ദർശിച്ചു.

20–11–2019 :– കേരള ടെക്നിക്കൽ എഡ്യൂക്കേഷൻ സർവീസ് (ഭേദഗതി) സ്പെഷ്യൽ റൂൾസ് ചർച്ചയിൽ AKTOയെ പ്രതിനിധീകരിച്ച് ജനറൽ സെക്രട്ടറിയും പ്രസിഡന്റും പങ്കെടുത്തു.

26–11–2019 :– ടെക്നിക്കൽ ഹൈസ്കൂൾ കാവാലം യൂണിറ്റ്(ആലപ്പുഴ ജില്ല) സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ.എൻ.ആർ ശ്രീജിമോൻ സന്ദർശിക്കുകയും മെമ്പർഷിപ്പ് വിതരണം നടത്തുകയും ചെയ്തു.

05–12–2019 :– രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി കോട്ടയം, ഗവ. പോളിടെക്നിക് കോളേജ് കടുത്തുരുത്തി (കോട്ടയം ജില്ലാ) എന്നീ യൂണിറ്റുകൾ സംസ്ഥാന പ്രസിഡന്റ് ശ്രീ. എസ്. ബിജു, ജനറൽ സെക്രട്ടറി ശ്രീ. സൂരജ് ജി എന്നിവർ സന്ദർശിച്ചു.

14–12–2019 :– ആക്റ്റോ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മറ്റി യോഗം ശനിയാഴ്ച രാവിലെ 11.00 മണിയ്ക്ക് സംസ്ഥാന പ്രസിഡന്റ് ശ്രീ. എസ്. ബിജുവിന്റെ അദ്ധ്യക്ഷതയിൽ ആലുവ ഹോട്ടൽ എവറസ്റ്റ് കോൺഫറൻസ് ഹാളിൽ വച്ച് ചേർന്നു. ജനറൽ സെക്രട്ടറി സൂരജ് ജി. പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. യോഗത്തിൽ എത്തിയ എല്ലാ പ്രതിനിധികളും സജീവ ചർച്ചയിൽ പങ്കെടുത്തു. ആക്റ്റോ 2020 വാർഷിക കലണ്ടർ പ്രകാശനം ജനറൽ സെക്രട്ടറി ശ്രീ. സൂരജ് ജി. സംസ്ഥാന പ്രസിഡന്റ് ശ്രീ. എസ്. ബിജുവിന് നൽകി നിർവ്വഹിച്ചു.

20–12–2019 :– സെൻട്രൽ പോളിടെക്നിക് കോളേജ് വട്ടിയൂർക്കാവ്(തിരുവനന്തപുരം ജില്ല) ജനറൽ സെക്രട്ടറി ശ്രീ. സൂരജ് ജി സന്ദർശിച്ചു..

01–01–2020 :– മദ്ധ്യവേനലവധിക്കാലം ഏപ്രിൽ –മെയ് മാസങ്ങളിൽ നിലനിർത്തുവാൻ ആവശ്യമായ നടപടികൾ സ്ഥീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊ് ഗവ: എഞ്ചിനീയറിംഗ് കോളേജ് ബാട്ടൺ ഹിൽ, ടി.കെ.എം. കോളേജ് ഓഫ് എഞ്ചിനീയറിംഗ് കൊല്ലം, രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി കോട്ടയം, ഗവ: എഞ്ചിനീയറിംഗ് കോളേജ് ഇടുക്കി, മാർ അത്തനാസിയസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് കോതമംഗലം, ഗവ: എഞ്ചിനീയറിംഗ് കോളേജ് തൃശൂർ, ഗവ: എഞ്ചിനീയറിംഗ് കോളേജ് ശ്രീകൃഷ്ണപുരം, ഗവ: എഞ്ചിനീയറിംഗ് കോളേജ് കോഴിക്കോട്, ഗവ: എഞ്ചിനീയറിംഗ് കോളേജ് വയനാട്, ഗവ: കോളേജ് ഓഫ് എഞ്ചിനീയറിംഗ് കണ്ണൂർ എന്നീ എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രിൻസിപ്പാൾമാർക്ക് ജനറൽ സെക്രട്ടറി കത്തയച്ചു.

03–01–2020 :– എഞ്ചിനീയറിംഗ് കോളേജുകളിലെ മദ്ധ്യവേനലവധി ഏപ്രിൽ –മെയ് മാസങ്ങളിൽ നിലനിർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ജനറൽ സെക്രട്ടറി ശ്രീ.സൂരജ് ജി. കോളേജ് ഓഫ് എഞ്ചിനീയറിംഗ് ട്രിവാൻഡ്രം(CET)പ്രിൻസിപ്പാൾക്ക് നിവേദനം നൽകി. തുടർന്ന് നടന്ന ചർച്ചയിൽ അനുകൂലതീരുമാനം എടുക്കാമെന്ന് പ്രിൻസിപ്പാൾ ഉറപ്പ് നൽകി. യൂണിറ്റ് സെക്രട്ടറി ശ്രീ.മുരുകൻ എസ്., ശ്രീ. സതീഷ് ജി.പി., ശ്രീ.റെജി തോമസ്, ശ്രീമതി. അമ്പിളി, ശ്രീമതി.ലീന, ശ്രീമതി.സതികുമാരി എൻ. എന്നിവർ നേതൃത്വം നൽകി.

മദ്ധ്യവേനലവധിക്കാലം ഏപ്രിൽ –മെയ് മാസങ്ങളിൽ നിലനിർത്തുവാൻ ആവശ്യമായ നടപടികൾ സ്ഥീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഗവ: എഞ്ചിനീയറിംഗ് കോളേജ് ബട്ടൺ ഹിൽ പ്രിൻസിപ്പാൾക്ക് എല്ലാ മെമ്പർമാരും ഒപ്പിട്ട് നിവേദനം നൽകി. ശ്രീ.ജീൻ, ശ്രീ.സുനിൽ കൃഷ്ണൻ എന്നിവർ നേതൃത്വം നൽകി

കണ്ണൂർ ജില്ല: മദ്ധ്യവേനലവധിക്കാലം ഏപ്രിൽ –മെയ് മാസങ്ങളിൽ നിലനിർത്തുവാൻ ആവശ്യമായ നടപടികൾ സ്ഥീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കണ്ണൂർ ഗവ: കോളേജ് ഓഫ് എഞ്ചിനീയറിംഗ് പ്രിൻസിപ്പാൾക്ക് നിവേദനം നൽകി. തുടർന്ന് നടന്ന ചർച്ചയിൽ നിവേദനം ഡി ടി ഇ യിലേക്ക് അയക്കാൻ തീരുമാനിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. വത്സലകുമാർ, യൂണിറ്റ് പ്രസിഡന്റ് ശ്രീ. മനോഹരൻ എന്നിവർ നേതൃത്വം നൽകി.

കൊല്ലം ജില്ല: എഞ്ചിനീയറിംഗ് കോളേജുകളിലെ മദ്ധ്യവേനലവധി ഏപ്രിൽ –മെയ് മാസങ്ങളിൽ നിലനിർത്തണമെന്ന് ആവശ്യപ്പെട്ടുകൊ് കൊല്ലം ടി.കെ.എം. കോളേജ് ഓഫ് എഞ്ചിനീയറിംഗ് പ്രിൻസിപ്പാൾക്ക് നിവേദനം നൽകി. തുടർന്ന് നടന്ന ചർച്ചയിൽ നിവേദനം ഡി ടി ഇ യിലേക്ക് അയക്കാൻ തീരുമാനിച്ചു. സോണൽ സെക്രട്ടറി ശ്രീ.സലിം, സംസ്ഥാന കമ്മറ്റിഅംഗം ശ്രീ.നൈസാം, യൂണിറ്റ് സെക്രട്ടറി ശ്രീ. ജലാലുദീൻ എന്നിവർ നേതൃത്വം നൽകി.

കോട്ടയം ജില്ല: കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി പ്രിൻസിപ്പാളിന് മദ്ധ്യവേനലവധിക്കാലം ഏപ്രിൽ –മെയ് മാസങ്ങളിൽ നിലനിർത്തുവാൻ ആവശ്യമായ നടപടികൾ സ്ഥീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊ് സ്ഥാപനത്തിലെ എല്ലാ ഠക / ഠങ സാന്നിധ്യത്തിൽ നിവേദനം നൽകി. നമ്മുടെ ഈ നിവേദനം പരിഗണിക്കാമെന്ന് പ്രിൻസിപ്പാൾ ഉറപ്പ് നൽകുകയും ചെയ്തു. സംസ്ഥാന കമ്മറ്റിഅംഗം ശ്രീ.അഷറഫ് വൈ., യൂണിറ്റ് സെക്രട്ടറി ശ്രീ. അജികുമാർ വി. റ്റി. എന്നിവർ നേതൃത്വം നൽകി.

തൃശ്ശൂർ ജില്ല: തൃശ്ശൂർ ഗവ: എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പാൾക്ക് സ്റ്റേറ്റ് ജോയിന്റ് സെക്രട്ടറി എൽദോ കെ. സി.യുടെ നേതൃത്വത്തിൽ നിവേദനം നൽകി. ജില്ലാ പ്രസിഡന്റ് സജീവ് .ഐ .വി, ജിനുജോൺ എന്നിവർ സംബന്ധിച്ചു.

പാലക്കാട് ജില്ല: എഞ്ചിനീയറിംഗ് കോളേജുകളിലെ മദ്ധ്യവേനലവധി ഏപ്രിൽ –മെയ് മാസങ്ങളിൽ നിലനിർത്തണമെന്ന് ആവശ്യപ്പെട്ടുകൊ് ഗവ: എഞ്ചിനീയറിംഗ് കോളേജ് ശ്രീകൃഷ്ണപുരം പ്രിൻസിപ്പാൾക്ക് നിവേദനം നൽകി. തുടർന്ന് നടന്ന ചർച്ചയിൽ അനുകൂലതീരുമാനം എടുക്കാമെന്ന് പ്രിൻസിപ്പാൾ ഉറപ്പ് നൽകി. സംസ്ഥാന സെക്രട്ടറി ശ്രീ. ജി.രഞ്ജിത്ത് കുമാർ, യൂണിറ്റ് പ്രസിഡന്റ് ശ്രീമതി. ബേബി എസ്., യൂണിറ്റ് സെക്രട്ടറി ശ്രീ. അജയ് കെ. എന്നിവർ നേതൃത്വം നൽകി.

കോഴിക്കോട് ജില്ല: ഗവ: എഞ്ചിനീയറിംഗ് കോളേജ് കോഴിക്കോട് പ്രിൻസിപ്പാൾക്ക് മദ്ധ്യവേനലവധി ഏപ്രിൽ –മെയ് മാസങ്ങളിൽ നിലനിർത്തണമെന്ന് ആവശ്യപ്പെട്ടുകൊ് നിവേദനം നൽകി. ശ്രീ. കെ. ജി. സന്തോഷ് കുമാർ, ശ്രീ. അബൂബക്കർ മഠത്തിൽ, ശ്രീ.ബഷീർ വി.പി. എന്നിവർ നേതൃത്വം നൽകി.

വയനാട് ജില്ല: ഗവ: എഞ്ചിനീയറിംഗ് കോളേജ് വയനാട് പ്രിൻസിപ്പാൾക്ക് നിവേദനം നൽകുകയും വെക്കേഷൻ മാറ്റിയാൽ ഉ്ാകുന്ന വിഷമങ്ങളെ പറ്റി ചർച്ച ചെയ്യുകയും അനുകൂലതീരുമാനം എടുക്കാമെന്ന് പ്രിൻസിപ്പാൾ ഉറപ്പ് നൽകുകയും ചെയ്തു. സംസ്ഥാന കമ്മറ്റി അംഗം ശ്രീ. സുജിത് കുമാർ കെ.ബി., ജില്ലാ പ്രസിഡന്റ് ശ്രീ. ബാലൻ എന്നിവർ നേതൃത്വം നൽകി.

13–01–2020 :– ഗവ. പോളിടെക്നിക് കോളേജ് മുട്ടം, ഗവ: എഞ്ചിനീയറിംഗ് കോളേജ് പൈനാവ്,(ഇടുക്കി ജില്ല) എന്നീ യൂണിറ്റുകൾ ജനറൽ സെക്രട്ടറി ശ്രീ.സൂരജ് ജി., സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ.എസ്. വത്സലകുമാർ, സോണൽ സെക്രട്ടറി ശ്രീ. ജാബി ജോയ് എന്നിവർ സന്ദർശിച്ചു.

14–01–2020 :– ഗവ. പോളിടെക്നിക് കോളേജ് വണ്ടിപെരിയാർ, കുമളി, ഗവ. പോളിടെക്നിക് കോളേജ് നെടുംകണ്ടം, ഗവ. ടെക്നിക്കൽ ഹൈസ്കൂൾ അടിമാലി (ഇടുക്കി ജില്ല) എന്നീ യൂണിറ്റുകൾ ജനറൽ സെക്രട്ടറി ശ്രീ.സൂരജ് ജി., സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ.എസ്.

വത്സലകുമാർ, സോണൽ സെക്രട്ടറി ശ്രീ. ജാബി ജോയ് എന്നിവർ സന്ദർശിക്കുകയും മെമ്പർഷിപ്പ് വിതരണം നടത്തുകയും ചെയ്തു.

15–01–2020 :– മാർ അത്തനാസിയസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് കോതമംഗലം, ഗവ.പോളിടെക്നിക് കോളേജ് കോതമംഗലം, ഗവ. പോളിടെക്നിക് കോളേജ് കളമശ്ശേരി, വിമൻസ് പോളിടെക്നിക് കോളേജ് കളമശ്ശേരി എന്നീ യൂണിറ്റുകൾ (എറണാകുളം ജില്ല) ജനറൽ സെക്രട്ടറി ശ്രീ.സൂരജ് ജി., സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ.എസ്. വത്സലകുമാർ, സോണൽ സെക്രട്ടറി ശ്രീ. ജാബി ജോയ് എന്നിവർ സന്ദർശിച്ചു.

03–02–2020 :– സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളുടെ മദ്ധ്യവേനലവധിക്കാലം മെയ് 1 മുതൽ ജൂൺ 30 വരെ ആക്കി മാറ്റിയ ഉത്തരവ് പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് ആക്റ്റോ ബഹു. മുഖ്യമന്ത്രിക്ക് നിവേദനം നൽകി. സംസ്ഥാന പ്രസിഡൻറ് ശ്രീ. എസ്. ബിജു, ജനറൽ സെക്രട്ടറി ശ്രീ. സൂരജ് ജി., വൈസ് പ്രസിഡന്റ് ശ്രീ. ഗിരിചന്ദ്രൻ നായർ എന്നിവർ നേതൃത്വം നൽകി.

08–02–2020 :– സംസ്ഥാന കമ്മറ്റി യോഗം രാവിലെ 9.30 മണിയ്ക്ക് സംസ്ഥാന പ്രസിഡന്റ് ശ്രീ. എസ്. ബിജുവിന്റെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരം YMCA കോൺഫറൻസ് ഹാളിൽ വച്ച് ചേർന്നു.

എ.കെ.ടി.ഒ. 30–ാം മത് സംസ്ഥാന സമ്മേളന സ്വാഗത സംഘം രൂപീകരണ യോഗം 2020 ഫെബ്രുവരി 8 ശനിയാഴ്ച രാവിലെ 11:00ന് തിരുവനന്തപുരം ഥങഇഅ കോൺ ഫറൻസ് ഹാളിൽ സംസ്ഥാന പ്രസിഡന്റ് ശ്രീ. എസ്. ബിജുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. ശ്രീ. കെ.എസ്. ശബരിനാഥഢ. എം.എൽ.എ. ഉത്ഘാടനവും ലോഗോ പ്രകാശനവും നിർവ്വഹിച്ചു. 30–ാം മത് സംസ്ഥാന സമ്മേളന നടത്തിപ്പിനെ പറ്റി ജനറൽ സെക്രട്ടറി ശ്രീ. ജി. സൂരജ് വിശദീകരിച്ചു. ശ്രീ. കെ. പ്രസാദ്, ശ്രീ. വത്സലകുമാർ, ശ്രീ. ആന്റണി സിജു ജോർജ്ജ്, ശ്രീ.എം. നൈസാം, ശ്രീ. ശിരിചന്ദ്രൻ നായർ, ശ്രീ. വി.പി. എൽദോസ് എന്നിവർ പ്രസംഗിച്ചു.

03–03–2020 :– പങ്കാളിത്ത പെൻഷൻ പുനഃപരിശോധന സമിതിയുടെ ചോദ്യാവലിയ്ക്ക് എ.കെ.ടി.ഒ. നിർദ്ദേശങ്ങളും അഭിപ്രായങ്ങളും നൽകി.

04–03–2020 :– ആക്റ്റോ സമ്മേളനത്തോടനുബന്ധിച്ചുള്ള പോസ്റ്റർ–നോട്ടീസ് പ്രചരണം ആലപ്പുഴ ജില്ലയിലെ ഗവ. ടെക്നിക്കൽ ഹൈസ്കൂൾ കൃഷ്ണപുരം, വിമൻസ് പോളിടെക്നിക് കോളേജ് കായംകുളം, ഗവ. ടെക്നിക്കൽ ഹൈസ്കൂൾ ഹരിപ്പാട്, കാർമൽ പോളിടെക്നിക് കോളേജ് പുന്നപ്ര –ആലപ്പുഴ, ഗവ. പോളിടെക്നിക് കോളേജ് ചേർത്തല എന്നീ യൂണിറ്റുകളിൽ നടത്തി. ജനറൽ സെക്രട്ടറി ശ്രീ. സൂരജ് ജി, വൈസ് പ്രസിഡന്റ് ശ്രീ. ഗിരിചന്ദ്രൻ നായർ, ജില്ലാ സെക്രട്ടറി ശ്രീ. പ്രവീൺ എന്നിവർ നേതൃത്വം നൽകി.

05–03–2020 :– ഗവ. ടെക്നിക്കൽ ഹൈസ്കൂൾ വാരപ്പെട്ടി, ഗവ. ടെക്നിക്കൽ ഹൈസ്കൂൾ ആയവന, ഗവ.ടെക്നിക്കൽ ഹൈസ്കൂൾ ഇലഞ്ഞി, ഗവ.ടെക്നിക്കൽ ഹൈസ്കൂൾ മുളംന്തുരുത്തി, ഗവ. പോളിടെക്നിക്ക് കോജേജ് പെരുമ്പാവൂർ (എറണാകുളം ജില്ല) എന്നീ യൂണിറ്റുകൾ എ.കെ.ടി.ഒ. ജനറൽ സെക്രട്ടറി ശ്രീ.സൂരജ് ജി., സംസ്ഥാന ട്രഷറർ ശ്രീ. വി.പി. എൽദോസ്, സോണൽ സെക്രട്ടറി ശ്രീ. ജാബി ജോയ് എന്നിവർ സന്ദർശിക്കുകയും മെമ്പർഷിപ്പ് വിതരണം ചെയ്യുകയും സമ്മേളനത്തോടനുബന്ധിച്ചുള്ള പോസ്റ്റർ– നോട്ടീസ് പ്രചരണം നടത്തുകയും ചെയ്തു.

06–03–2020 :– എ.കെ.ടി.ഒ സമ്മേളനത്തോടനുബന്ധിച്ചുള്ള പോസ്റ്റർ–നോട്ടീസ് പ്രചരണം മാർ അത്തനാസിയസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് കോതമംഗലത്ത് (എറണാകുളം ജില്ല) നടത്തി. ജനറൽ സെക്രട്ടറി ശ്രീ.സൂരജ് ജി., സംസ്ഥാന ട്രഷറർ ശ്രീ. വിപി. എൽദോ സ്, സോണൽ സെക്രട്ടറി ശ്രീ. ജാബി ജോയ്, ജില്ലാ സെക്രട്ടറി ശ്രീ എൽബി വർഗീസ് എന്നിവർ നേതൃത്വം നൽകി.

ആക്റ്റോ സംസ്ഥാന സമ്മേളന ദിവസത്തിൽ തന്നെ (20–03–2020) മാർ അത്തനാസിയസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് കോതമംഗലത്ത് കോളേജ് തല റിട്ടയറിംഗ് പരിപാടി നടത്താനുള്ള തീരുമാനം മാറ്റണമെന്ന് ആവശ്യപ്പെട്ട് ജനറൽ സെക്രട്ടറി

ശ്രീ.സൂരജ് ജി. കോളേജ് പ്രൻസിപ്പാളിനെ കാണുകയും കത്ത് നൽകുകയും ചെയ്തു. സോണൽ സെക്രട്ടറി ശ്രീ. ജാബി ജോയ് നേതൃത്വം നൽകി. കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ കോളേജ് തല റിട്ടയറിംഗ് പരിപാടി മറ്റൊരു ദിവസത്തിലേയ്ക്ക് മാറ്റി വച്ചു.

07–03–2020 :– എഞ്ചിനീയറിംഗ് കോളേജുകളിലെ ജീവനക്കാരുടെ മദ്ധ്യവേനലവധി മെയ്– –ജൂൺ മാസങ്ങളിലായി മാറ്റിയ ഉത്തരവിനെതിരെ കോടതിയെ സമീപിക്കാനായി അഡ്വ. ജയശങ്കറിനെ ജനറൽ സെക്രട്ടറി ശ്രീ സൂരജ് ജി. സന്ദർശിച്ചു.

08–03–2020 :– സംസ്ഥാന തല 1–ാം ഘട്ട ഓഡിറ്റിങ് എറണാകുളം ക്യൂബ് ഹോട്ടലിൽ വച്ച് നടന്നു. സംസ്ഥാന ഓഡിറ്റർ മാരായ ശ്രീ.സജികുമാർ കെ.കെ., ശ്രീ. പ്രവീൺ കെ.രാജൻ, ജനറൽ സെക്രടറി ശ്രീ. സൂരജ് ജി. ട്രഷറർ ശ്രീ വി.പി. എൽദോസ് എന്നിവർ നേതൃത്വം നൽകി.

15–03–2020 :– കോവി–ഡ്––19 വ്യാപനം തടയുന്നതിന്റെ ഭാഗമായി മന്ത്രിമാർ പങ്കെടുക്കുന്ന എല്ലാ പൊതുപരിപാടികളും മാറ്റിവെക്കണമെന്ന് മുഖ്യമന്ത്രി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ജനറൽ സെക്രട്ടറി എല്ലാ എക്സിക്യൂട്ടീവ് അംഗങ്ങളുമായി ഓഡിയോ കോൺഫറൻസിംഗ് നടത്തുകയും സംസ്ഥാന സമ്മേളനം മാറ്റി വെയ്ക്കാനുള്ള തീരുമാനം എടുക്കുകയും ചെയ്തു.

16–03–2020 :– കൊറോണ വൈറസ് വ്യാപനം തടയുന്നതിന്റെ ഭാഗമായി 2020 മാർച്ച് 20–ാം തീയതി അയ്യങ്കാളി ഹാളിൽ വെച്ച് നടത്തുവാൻ തീരുമാനിച്ചിരുന്ന എ.കെ.ടി.ഒ. 30–ാം മത് സംസ്ഥാന സമ്മേളനം മാറ്റി വെച്ച വിവരം അറിയിച്ചുകൊ് അയ്യങ്കാളി ഹാൾ മാനേജർക്ക് ജനറൽ സെക്രട്ടറി കത്ത്നൽകി.

17–03–2020 :– ലോകത്തെ മുഴുവൻ ഗ്രസിച്ചിരിക്കുന്ന മഹാമാരിയായ കോവിഡ്–19 ന്റെ പശ്ചാത്തലത്തിൽ എ.കെ.ടി.ഒ. 30–ാം മത് സംസ്ഥാന സമ്മേളനം മാറ്റി വെച്ചു എന്ന അറിയിപ്പ് ജനറൽ സെക്രട്ടറി സംസ്ഥാനതല പ്രസിദ്ധീകരണത്തിന് എല്ലാ പത്രങ്ങൾക്കും നൽകി.

03–04–2020 :– ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ സാലറി ചലഞ്ചിനോട് നല്ലൊരു വിഭാഗം ജീവനക്കാരും സഹകരിക്കുമെന്നും ജീവനക്കാർക്ക് അവരുടെ സാമ്പത്തിക സ്ഥിതിയനുസരിച്ചുള്ള തുക പത്ത് ഗഡുക്കളായി നൽകുവാനുള്ള അവസരം നൽകണമെന്നും മറിച്ച് നിർബ്ബന്ധപൂർവ്വമായ പിരിച്ചെടുക്കൽ നടത്തരുതെന്നും കോവിഡ് ധനസമാഹരണം പ്രത്യേക അക്കൗ് വഴി ആയിരിക്കണമെന്നും ആവശ്യപ്പെട്ടുക്കൊണ്ടുള്ള ജനറൽ സെക്രട്ടറിയുടേയും പ്രസിഡന്റിന്റെയും പ്രസ്താവന സംസ്ഥാനതല പ്രസിദ്ധീകരണത്തിന് എല്ലാ പത്രങ്ങൾക്കും ഇമെയിൽ ചെയ്തു.

04–04–2020 :– സാലറി ചലഞ്ചുമായി ബന്ധപ്പെട്ട സംഘടയുടെ അഭിപ്രായങ്ങൾ/ നിർദ്ദേശങ്ങൾ ബഹു. മുഖ്യമന്ത്രി, ബഹു. ധനകാര്യവകുപ്പ് മന്ത്രി എന്നിവർക്ക് ജനറൽ സെക്രട്ടറി കത്തയച്ചു.

05–04–2020 :– ബഹു. മുഖ്യമന്ത്രി യുടെ ഓഫീസിൽ നിന്ന് ഇമെയിൽ വഴി മറുപടി ലഭിച്ചു.

14–04–2020 :– ആക്റ്റോയുടെ വെബ് സൈറ്റ് നിർമ്മാണം ജനറൽ സെക്രട്ടറി തുടങ്ങി.

26–04–2020 :– പുനലൂർ ഗവൺമെന്റ് പോളീടെക്നിക്കിലെ ജി.അനിൽകുമാർ (ട്രേഡ് ഇൻസ്ട്രക്ടർ, കമ്പ്യൂട്ടർ) സാറിന്റെ സംസ്കാര ചടങ്ങിൽ എ.കെ.ടി.ഒ. സംസ്ഥാന കമ്മിറ്റിക്ക് വേണ്ടി സംസ്ഥാന പ്രസിഡന്റ് ശ്രീ.എസ് ബിജു പങ്കെടുക്കുകയും സംസ്ഥാന കമ്മിറ്റിയുടെ ആദരവ് അറിയിക്കുകയും കുടുംബാംഗങ്ങളുടെ തീരാ ദുഃഖത്തിൽ പങ്കു ചേരുകയും ചെയ്തു.

01–05–2020 :– ആക്റ്റോയുടെ വെബ് സൈറ്റ് ഹോസ്റ്റ് ചെയ്തു.

03–05–2020 :– ആക്റ്റോയുടെ വെബ് സൈറ്റിന് ആവശ്യമായ സെക്ക്യൂരിറ്റിയ്യും ഗൂഗിൾ സേർച്ച് അപ്ലിക്കേഷനും നൽകി.

30–05–2020 :– സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം 2020 മെയ് 31 ഞായറാഴ്ച രാവിലെ 11.30 മുതൽ സംസ്ഥാന പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ഓൺ ലൈൻ ആയി കൂടി.

01–07–2020 :– ടേഡ് ഇൻക്ടമാരുടെ റേഷ്യോ പ്രമോഷൻ സമയബന്ധിതമായി നടപ്പിലാക്കിയ സർക്കാരിനും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനും എ. കെ. ടി. ഒ. യുടെ അഭിനന്ദനങ്ങൾ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറെ അറിയിച്ചു.

30–10–2020 :– ചേലക്കര സർക്കാർ പോളിടെക്നിക്ക് കോളേജിലേയ്ക്ക് തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ നിന്നും ചില തസ്തികകൾ പുനർ വിന്യസിക്കുന്ന നടപടികൾ പുന പരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് ഉന്നത വിദ്യാഭ്യാസ മന്ത്രിക്കും ഉന്നത വിദ്യാഭ്യാസ പ്രൻസിപ്പൽ സെക്രട്ടറിക്കും നിവേദനം നൽകി.

05–11–2020 :– പതിനൊന്നാം ശമ്പള കമ്മിഷനുമായി 5–9–2020 ൽ നടന്ന ചർച്ചയിൽ AKTO യെ പ്രതിനിധീകരിച്ചു സ്റ്റേറ്റ് പ്രസിഡന്റ് ശ്രീ.ബിജു. എസ്, ജനറൽ സെക്രട്ടറി ശ്രീ :സൂരജ്. ജി, സ്റ്റേറ്റ് വൈസ് പ്രസിഡന്റുമാർ ശ്രീ :ആന്റണി സിജു ജോർജ്, ശ്രീ :വൽസല കുമാർ, സ്റ്റേറ്റ് കമ്മിറ്റി മെമ്പർ ശ്രീ :രാജേഷ് കുമാർ. കെ. തുടങ്ങിയവർ പങ്കെടുത്തു.

08–11–2020 :– കാറ്റഗറി നമ്പർ 140/ 2020 ആയി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലേയ്ക്ക് ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ് കക (ടർണിംഗ്) തസ്തികയിലെ പ്രതീക്ഷിത ഒഴുവുകളിലേയ്ക്ക് 25,200/– – 54,000/– രൂപ ശമ്പള സ്കെയിലിൽ തെരഞ്ഞെടുക്കപ്പെട്ടുന്നതിന് KPSC അപേക്ഷ ക്ഷണിച്ചിരിക്കുകയാണ്. മേൽ പറഞ്ഞ വിജ്ഞാപനപ്രകാരം അപേക്ഷ ക്ഷണിച്ചത് പുനഃ പരിശോധിക്കണമെന്നും വിജ്ഞാപനം എത്രയും വേഗം പിൻവലിയ്ക്കുകയും പരീക്ഷ, കൂടിക്കാഴ്ച എന്നീവ നടത്തുന്ന നടപടികളിൽ നിന്ന് പിന്മാറാനുള്ള നടപടികൾ എത്രയും പെട്ടെന്ന് സ്ഥീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് PSC ചെയർമാന് നിവേദനം നൽകി.

16–11–2020 :– എ.കെ.ടി.ഒ. സംസ്ഥാന കമ്മിറ്റിക്ക് വേണ്ടി സംസ്ഥാന ജനറൽ സെക്രട്ടറി നമുക്ക് പ്രിയപ്പെട്ട സുമൻ കുമാർ സാറിന്റെ സംസ്കാര ചടങ്ങിൽ പങ്കെടുക്കുകയും സംസ്ഥാന കമ്മിറ്റിയുടെ ആദരവ് അറിയിച്ചു കൊണ്ട് റീത്ത് സമർപ്പിക്കുകയും കുടുംബാംഗങ്ങളുടെ തീരാ ദുഃഖത്തിൽ പങ്കു ചേരുകയും ചെയ്തു.

20–11–2020 :– സംസ്ഥാന ജനറൽ സെക്രട്ടറി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുമായി നേരിൽ കൂടിക്കാഴ്ച നടത്തുകയും സംഘടനയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെ കുറിച്ച് ചർച്ച നടത്തുകയും ചെയ്തു.

1. ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ് II (ടർണിംഗ്) തസ്തികയിലേയ്ക്ക് KPSC വിജ്ഞാപനം സംബന്ധിച്ച്.

നിലവിൽ പ്രബോഷൻ വിജയകരമായി പൂർത്തീകരിച്ച ട്രേഡ്സ്മാൻ ജീവനക്കാർ വകുപ്പിൽ ഉണ്ട് എന്നത് ബോധിപ്പിക്കുകയും, കൃത്യമായ പരിശോധന നടത്തേണ്ടതിന്റെ ആവശ്യകതയെ കുറിച്ചും അത്യാവശ്യ തുടർ നടപടികൾ വേണ്ട വിധം നടത്തുന്നതിനും ആവശ്യപ്പെട്ടു.

2. വിവിധ ജില്ലകളിൽ ട്രേഡ്സ്മാൻ വിഭാഗം ഗജടഇ റാങ്ക് ലിസ്റ്റ് കാലാവധി ഡിസബർ മാസം അവസാനിക്കുന്നു എന്നതും, ജടഇ യോട് ഒഴിവുകൾ നികത്തുന്നതിനായി ശിപാർശ ചെയ്യുന്നതിനുള്ള നടപടികൾ ഉടൻ ചെയ്യണമെന്നും ആവശ്യപ്പെട്ടു.

3. കോവിഡ്–19 കാലത്ത് വകുപ്പിൽ ഓൺലൈൻ ക്ലാസ്സുകൾ നടന്നുവരുന്ന നിലവിലെ സാഹചര്യത്തിൽ അദ്ധ്യാപകരേയും, സാങ്കേതിക വിഭാഗം ജീവനക്കാരേയും സ്ഥാപനങ്ങളിൽ എല്ലാ ദിവസവും ഹാജരാകുവാൻ നിർബദ്ധിക്കുന്നത് സംബന്ധിച്ച് . പൊതുഗതാഗതം പൂർണ്ണമല്ലാത്ത ഈ സാഹചര്യവും, പല സ്ഥാപനങ്ങളിലും നെറ്റ്വർക്ക്

കൃത്യമല്ലാ എന്നത് നിമിത്തം കൃത്യമായി ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിനുള്ള ബുദ്ധിമുട്ടുകളെ കുറിച്ചും ചർച്ച നടത്തി.

4. തിരുവനന്തപുരം സർക്കാർ എഞ്ചി.കോളേജിൽ നിന്ന് ചേലക്കര സർക്കാർ പോളിടെക്നിക് കോളേജിലേയ്ക്ക് ചില തസ്തികകൾ പുനർവിന്യസിക്കുന്നത് ഒഴിവാക്കണം എന്നത് സംബന്ധിച്ചും ചർച്ച നടത്തി.

എല്ലാ വിഷയങ്ങളും അനുഭാവ പൂർവ്വം പരിഗണിക്കാം എന്നും, ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ് II (ടർണിംഗ്) തസ്തിക ട്രേഡ്സ്മാൻ മാരുടെ പ്രൊമോഷൻ പോസ്റ്റ് ആണെന്നും ക്വാളിഫൈഡ് ആയ ട്രേഡ്സ്മാൻ മാർ നിലവിൽ ഉണ്ടെന്നും ആയതിനാൽ ഒഴുവുകൾ ഇല്ല എന്നും അറിയിച്ചുകൊണ്ട് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ പിഎസ്സിയ്ക്ക് കത്തയച്ചു.

റാങ്ക് ലിസ്റ്റ് കാലാവധി അവസാനിക്കുന്ന വിവിധ ജില്ലകളിലെ ജടഇ ഓഫീസുകളിലേയ്ക്ക് നിയമന ശുപാർശ നടത്തുന്നതിന് കത്തുകൾ നൽകി കഴിഞ്ഞു എന്നും മറ്റ് വിഷയങ്ങൾക്കായി ഉടൻ തന്നെ ഡിപ്പാർട്ട്മെൻ്റ് കമ്മറ്റി രൂപികരിച്ച് പ്രശ്ന പരിഹാരം ഉണ്ടാക്കാം എന്നും ഡയറക്ടർ ഉറപ്പ് നൽകിയിട്ടുണ്ട്.

01–01–2021 :– ഓൾ കേരള ട്രേഡ് ഇൻസ്ട്രക്ടേഴ്സ് ആൻറ് ട്രേഡ്സ്മാൻ ഓർഗനൈസേഷൻ 2021 വാർഷിക കലണ്ടർ പ്രകാശനം കോവിഡ് പ്രോട്ടോകോൾ പാലിച്ച് കൊണ്ട് ജനറൽ സെക്രട്ടറി ശ്രീ.ജി.സൂരജ് തിരുവനന്തപുരം ജില്ലാ പ്രസിഡൻ്റ് ശ്രീ. വി.ബി. ജീൻ, സെക്രട്ടറി ശ്രീ.കെ. രാജേഷ് കുമാർ എന്നിവർക്ക് നൽകി നിർവ്വഹിച്ചു.

16–01–2021 :– എ.കെ.ടി.ഒ. സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം 2021 ജനുവരി 16 ശനിയാഴ്ച 7.00 Pm മുതൽ സംസ്ഥാന പ്രസിഡൻ്റിൻ്റെ അദ്ധ്യക്ഷതയിൽ ഓൺലൈൻ ആയി കൂടി. ഗൂഗിൾ മീറ്റ് സോഫ്റ്റവെയർ ഉപേയോഗിച്ചാണ് വീഡിയോ കോൺ ഫെറൻസിങ് നടത്തിയത്. 2020–2021 മെമ്പർഷിപ്പും വർക്കിംഗ് ഫ്ിും– അവലോകനം, മെമ്പർഷിപ്പ് ഇല്ലാതെ സംഘടനയുടെ വാട്സ്ആപ്പ് ഗ്രൂപ്പിൽ തുടരുന്നത് സംബന്ധിച്ച്, യൂണിറ്റ് സമ്മേളനങ്ങൾ, ജില്ലാ സമ്മേളനങ്ങൾ, സംസ്ഥന സമ്മേളനം സംബന്ധിച്ച്, സംസ്ഥാന സമ്മേളനഫണ്ട് രസീത് ബുക്ക്/ പിരിച്ചെടുത്ത സമ്മേളനഫണ്ട് സംസ്ഥാന കമ്മറ്റി ഓഫീസിൽ തിരിച്ചേൽപ്പിക്കാത്തത് സംബന്ധിച്ച്, ട്രേഡ് ഇൻസ്ട്രക്ടർമാരുടെ റേഷ്യോ പ്രൊമോഷൻ –സംബന്ധിച്ച് തുടങ്ങിയ വിഷയങ്ങൾ യോഗം ചർച്ച ചെയ്തു.

22–01–2021 :– മുപ്പതാമത് സംസ്ഥാനതല കൺവെൻഷൻ്റെ ഉദ്ഘാടനത്തിനായി ഗവർണർക്ക് കത്തയച്ചു.

07–03–2021 :– എ.കെ.ടി.ഒ. സംസ്ഥാന എക്സിക്യൂട്ടീവ് കമ്മറ്റി യോഗം ഓൺലൈൻ ആയി പ്രസിഡൻ്റ് ശ്രീ എസ്. ബിജുവിൻ്റെ അദ്ധ്യക്ഷതയിൽ നടത്തി.

12–03–2021 :– ഗവ. പോളിടെക്നിക് കോളേജ് വെച്ചൂച്ചിറ, ഗവ. പോളിടെക്നിക് കോളേജ് വെണ്ണിക്കുളം, ഗവ. പോളിടെക്നിക് കോളേജ് അടൂർ (പത്തനംതില്ല ജില്ല),എന്നീ യൂണിറ്റുകൾ ജനറൽ സെക്രട്ടറി ശ്രീ.സൂരജ് ജി., വൈസ് പ്രസിഡൻ്റ് ശ്രീ. ഗിരിചന്ദ്രൻ നായർ, ജില്ലാ കമ്മിറ്റി അംഗം ശ്രീ. കെ.വി. ശ്രീകുമാർ എന്നിവർ സന്ദർശിച്ചു.

25–03–2021 :– 2021 മാർച്ച് മാസം 23 ,24 ,25 തിയതികളിലായി എറണാകുളം ജില്ലയിലെ GPTC കളമശ്ശേരി, WPTC കളമശ്ശേരി, THS ആയവന, THS മുളന്തുരുത്തി, THS ഇലഞ്ഞി, GPTC പെരുമ്പാവൂർ, GPTC കോതമംഗലം, MA College of Engg. കോതമംഗലം എന്നീ സ്ഥാപനങ്ങളും ഇടുക്കി ജില്ലയിലെ THSവണ്ണപ്പുറം, GPTC പുറപ്പുഴ, THS പുറപ്പുഴ, GPTC മുട്ടം, GEC പൈനാവ് എന്നീ സ്ഥാപനങ്ങൾ സംസ്ഥാന ജന.സെക്രട്ടറി ശ്രീ.ജി സൂരജ്, സംസ്ഥാന വൈ. പ്രസിഡൻ്റ്മാരായ ശ്രീ.വൽസലകുമാർ, ശ്രീ.ആൻറണി സിജു ജോർജ്, സംസ്ഥാന ട്രഷറർ ശ്രീ. വി പി എൽദോസ്, എറണാകുളം ജില്ലാ എക്സിക്യുട്ടീവ് കമ്മറ്റി

അംഗം ശ്രീ.ഏലിയാസ് പോൾ എന്നിവർ സന്ദർശിച്ച് മെമ്പർഷിപ്പ് പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി.

31–03–2021 :– എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക് കോളേജുകൾ, ടെക്നിക്കൽ ഹൈസ്കൂളുകൾ എന്നിവിടങ്ങളിൽ 2021 ൽ വേനൽക്കാല അവധിക്കാലം പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ട് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്കും ഉന്നത വിദ്യാഭ്യാസ പ്രൻസിപ്പൽ സെക്രട്ടറിക്കും നിവേദനം നൽകി.

12–04–2021 :– അയ്യങ്കലി ഹാളിൽ എകെടിഒ യുടെ സംസ്ഥാന കൺവെൻഷൻ നടത്താൻ അനുമതി അഭ്യർത്ഥിച്ചു കൊണ്ട് സെക്രട്ടറി, GAD, ഏകോപന വകുപ്പിന് കത്തയച്ചു.

15–04–2021 :– സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മധ്യവേനലവധി ഏപ്രിൽ–മെയ് മാസങ്ങളിലാക്കി നിലനിർത്തണമെന്ന് ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് (അഡീഷണൽ ചീഫ് സെക്രട്ടറി) എ.കെ.ടി.ഒ. നിവേദനം നൽകി.

28–04–2020 :– THSLC പരീക്ഷയുടെ ഭാഗമായി നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള പ്രാക്ടിക്കൽ പരീക്ഷ മാറ്റിവെക്കണമെന്ന് ആവശ്യപ്പെട്ടുകൊ് പൊതുവിദ്യാഭ്യാസ പരീക്ഷ കമ്മീഷണർക്കും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്കും എ.കെ..ടി..ഒ. നിവേദനം നൽകി. വിഷയം അനുഭാവപൂർവം പരിഗണിക്കാമെന്ന് പൊതുവിദ്യാഭ്യാസ പരീക്ഷ കമ്മീഷണർ ഉറപ്പുനൽകി.

04–05–2021 :– 2021 വർഷത്തെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ജീവനക്കാരുടെ പൊതു സ്ഥലം മാറ്റത്തിനുള്ള അപേക്ഷ ഓൺലൈൻ ആയി സമർപ്പിക്കുവാനുള്ള തീയതി 15–05–2021 വരെ ദീർഘിപ്പിച്ചു നൽകുവാൻ ഉന്നത വിദ്യാഭ്യാസ വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറിക്ക് നിവേദനം നൽകി

01–06–2021 :– ബഹു. ഉന്നത വിദ്യാഭ്യാസ മന്ത്രി Dr. R. ബിന്ദു അവർകൾ വൈകിട്ട് 3 മണിക്ക് അദ്ധ്യാപക സംഘടനാ പ്രതിനിധികളുടെ ഓൺലൈൻ മീറ്റിംഗ് വിളിച്ചു ചേർക്കുകയുണ്ടായി. AKTO യെ പ്രതിനിധീകരിച്ചു കൊണ്ട് ജനറൽ സെക്രട്ടറി ശ്രീ. ജി. സൂരജ്, സംസ്ഥാന പ്രസിഡന്റ് ശ്രീ. എസ്സ്. ബിജു എന്നിവർ പങ്കെടുത്തു. മുഴുവൻ യൂണിവേഴ്സിറ്റികളുടെയും പരീക്ഷാ നടത്തിപ്പ് ആയിരുന്നു വിഷയമെങ്കിലും ശമ്പള സ്കെയിൽ, റേഷ്യോ പ്രൊമോഷൻ, ജൂനിയർ സീനിയർ അനോമിലി തുടങ്ങിയ വിഷയങ്ങൾ നമുക്ക് ഉന്നയിക്കുവാൻ കഴിഞ്ഞു.ടെക്നിക്കൽ എഡ്യൂക്കേഷൻന്റെ മാത്രമായി ഒരു മീറ്റിംഗ് ഉടനെ വിളിക്കാമെന്ന് മന്ത്രി അറിയിച്ചു.

22–06–202 :– സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ട്രേഡ് ഇൻസ്ട്രക്ടർ വിഭാഗത്തിൽ വരുന്ന ജീവനക്കാരുടെ റേഷ്യോ പ്രോമോഷൻ സംബന്ധിച്ചും 11–ാം ശമ്പള കമ്മീഷൻ ഉത്തരവിലെ അപാകതകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ധനകാര്യ വകുപ്പ് മന്ത്രിക്ക് എ.കെ.ടി.ഒ. ജനറൽ സെക്രട്ടറി ജി. സൂരജ് നിവേദനം നൽകി. സംസ്ഥാന പ്രസിഡന്റ് എസ്.ബിജു, ഗിരിചന്ദ്രൻ നായർ എന്നിവർ പങ്കെടുത്തു.

ഓൾ കേരള ട്രേഡ് ഇൻസ്ട്രക്ടേഴ്സ് ആൻഡ് ട്രേഡ്സ്മാൻ ഓർഗനൈസേഷൻ (എ.കെ.ടി.ഒ.) 30–ാംമത് സംസ്ഥാന സമ്മേളനത്തിനുവേണ്ടി മാറ്റിവെച്ച ഒരുലക്ഷത്തിഒന്നുരൂപ(₹100001) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കുവേണ്ടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് (സിഎംഡിആർഎഫ്) സംഭാവന ചെയ്യുവാൻ തീരുമാനിച്ചിരുന്നു. പ്രസ്തുത സംഭാവനയുടെ ഡിമാൻഡ് ഡ്രാഫ്റ്റ് സംഘടനയുടെ സംസ്ഥാന ജനറൽ സെക്രട്ടറി ജി.സൂരജ്, സംസ്ഥാന പ്രസിഡന്റ് എസ്.ബിജു, സംസ്ഥാന വൈസ് പ്രസിഡന്റ് എസ്.വത്സലകുമാർ, ജില്ലാ സെക്രട്ടറി കെ.രാജേഷ് കുമാർ, പ്രവീൺ കെ. രാജൻ, ഗിരിചന്ദ്രൻ നായർ, എന്നിവരുടെ സാന്നിധ്യത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പു മന്ത്രി ഡോ. പി. ബിന്ദു അവർകൾക്ക് കൈമാറി.

ചില സ്ഥാപന മേധാവികൾ  ഉത്തരവുകൾ കണക്കാക്കാതെ ട്രേഡ്സ്മാൻ, ട്രേഡ് ഇൻസ്ട്രക്ടർ, വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ, തുടങ്ങിയ  അധ്യാപക വിഭാഗത്തിൽ പെടുന്ന ജീവനക്കാരെ  സ്ഥാപനത്തിൽ ഹാജരാക്കുവാൻ നിർബന്ധിക്കുന്നു. ആയതിനാൽ പ്രസ്തുത വിഷയത്തിൽ ഇടപെട്ട് ആവശ്യമായ നിർദ്ദേശം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകണമെന്ന് ആവശ്യപ്പെട്ട് ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിക്ക് നിവേദനം നൽകി

## ജില്ലാ സമ്മേളനങ്ങൾ

### തിരുവനന്തപുരം ജില്ല

ഓൾ കേരള ട്രേഡ് ഇൻസ്ട്രക്ടർ ആന്റ് ട്രേഡ്സ്മാൻ ഓർഗനൈസേഷന്റെ (എ.കെ.ടി.ഒ.) 30–ാം ജില്ലാ സമ്മേളനം YMCA ഹാളിൽ വച്ച് നടത്തി. വരണാധികാരിയായ എ.കെ.ടി.ഒ. സംസ്ഥാന പ്രസിഡന്റ്  എസ്. ബിജു ജില്ലാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പിന് നേതൃത്വം നൽകി.

പ്രസിഡന്റ്  : ജീൻ വി.ബി. ഗവ: എഞ്ചിനീയറിംഗ്  കോളേജ് ബാർട്ടൺഹിൽ,<br>
സെക്രട്ടറി  : കെ.രാജേഷ് കുമാർ, സി.പി.റ്റി, തിരുവനന്തപുരം

സംസ്ഥാന പ്രതിനിധികൾ സൂരജ് ജി., കെ.രാജേഷ് കുമാർ, ഹിലാലുദീൻ എന്നിവരെയും തെരഞ്ഞെടുത്തു.

### കൊല്ലം ജില്ല

സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസവകുപ്പ് ജീവനക്കാരുടെ സംഘടനയായ ഓൾ കേരള ട്രേഡ് ഇൻസ്ട്രക്ടർ ആന്റ് ട്രേഡ്സ്മാൻ ഓർഗനൈസേഷന്റെ സംസ്ഥാന സമ്മേളനത്തിന് മുന്നോടിയായി നടന്ന കൊല്ലം ജില്ലാ സമ്മേളനം കരിക്കോട് ഹൗസ് ഓഫ് മാക്സിൽവച്ച് കൂടി. ജില്ലാ പ്രസിഡന്റ് കെ.പി. സുരേഷ്ബാബുവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനം എ.കെ.ടി.ഒ. സംസ്ഥാന ജനറൽ സെക്രട്ടറി ജി. സൂരജ് ഉദ്ഘാടനം ചെയ്തു.

സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകരുടെയും ടെക്നിക്കൽ ജീവനക്കാരുടെയും മദ്ധ്യവേനലവധി ഏപ്രിൽ– മെയ് എന്നത് മെയ് ഒന്നുമുതൽ ജൂൺ മുപ്പത് വരെ ആക്കിമാറ്റിയ നടപടി സർക്കാർ പുനഃപരിശോധിക്കാമെന്നും 1:1:1 എന്ന അനുപാതത്തിൽ പ്രമോഷൻ നടപ്പിലാക്കണമെന്നും അദ്ദേഹം സർക്കാരിനോട് ആവശ്യപ്പെട്ടു. ഇത് സംബന്ധിച്ച് മുഖ്യമന്ത്രിക്കും ഉന്നത വിദ്യാഭ്യാസവകുപ്പ് മന്ത്രിക്കും നിവേദനം നൽകിയതായും അദ്ദേഹം ഉദ്ഘാടനപ്രസംഗത്തിൽ അറിയിച്ചു. സംസ്ഥാന പ്രസിഡന്റ് എസ്. ബിജു മുഖ്യ പ്രഭാഷണം നടത്തി. സംഘടനാ നേതാക്കളായ കരിക്കോട് നൈസാം, പ്രിൻസി പ്രസാദ്, പ്രവീൺ കെ. രാജ്, ഷറഫുദ്ദീൻ എസ്., രേഷ്മ, ജമാൽ എച്ച്., ദാവൂദ് എന്നിവർ പ്രസംഗിച്ചു. ജലാലുദ്ദീൻ നന്ദി രേഖപ്പെടുത്തി.

ജില്ലാ പ്രസിഡന്റായി മുഹമ്മദ് അഷറഫ്, സെക്രട്ടറി പ്രവീൺരാജ്, ട്രഷറർ ബൈജു എന്നിവരെ തെരഞ്ഞെടുത്തു. മറ്റ് ഭാരവാഹികൾ വൈസ്പ്രസിഡന്റുമാർ സന്തോഷ് കുമാർ, ജമാൽ എച്ച്, ജോയിന്റ് സെക്രട്ടറി പിൻസീപ്രസാദ്, വനിതാ പ്രതിനിധി രേഷ്മാ, സംസ്ഥാന പ്രതിനിധികൾ കരിക്കോട് നൈസാം, എസ്. ബിജു, അബ്ദുൾറഹുമാൻ, എന്നിവരെയും തെരഞ്ഞെടുത്തു.

## കോട്ടയം ജില്ല

സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സംഘടനയായ ഓൾ കേരള ട്രേഡ് ഇൻസ്ട്രക്ടർ ആന്റ് ട്രേഡ്സ്മാൻ ഓർഗനൈസേഷന്റെ (എ. കെ. ടി.ഒ.) 30–ാം ജില്ലാ സമ്മേളനം ഗവ.. പോളി ടെക്നിക് കോളേജ് നാട്ടകത്ത് വച്ച് നടത്തി.

ട്രേഡ് ഇൻസ്ട്രക്ടർ മാരുടെ റേഷ്യോ പ്രമോഷൻ 1:1:1 ആക്കണമെന്ന ആവശ്യമുയർത്തി ഓൾ കേരള ട്രേഡ് ഇൻസ്ട്രക്ടർ ആന്റ് ട്രേഡ്സ്മാൻ ഓർഗനൈസേഷൻ ജില്ലാ സമ്മേളനം ആവശ്യപ്പെട്ടു.

സംസ്ഥാന ജനറൽ സെക്രട്ടറി ജി. സൂരജ് ഉദ്ഘാടനം ചെയ്തു. സംസ്ഥാന കമ്മിറ്റിയംഗം കെ.എ സ്. രാജൻ അധ്യക്ഷത വഹിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് എൻ.ആർ. ശ്രീജിമോൻ മുഖ്യപ്രഭാഷണം നടത്തി .വൈ. അഷറഫ്, എൻ.സുധീർ, എം.കെ.മനോജ്, എസ്. സുജ എന്നിവർ പ്രസംഗിച്ചു. ജില്ലാ പ്രസിഡന്റായി സണ്ണി ജോസഫിനെയും സെക്രട്ടറിയായി എം.കെ. മനോജിനെയും തിരഞ്ഞെടുത്തു. മറ്റ് ഭാരവാഹികൾ: ജോൺസൺ ടി.ദാനിയേൽ (വൈസ് പ്രസിഡന്റ്), ഷിഹാബ്(ജോ. സെക്രട്ടറി.), എം. എസ്. അജീഷ് ഖജാ.), സണ്ണി ജോസഫ്, വൈ. അഷറഫ്, കെ.എസ്.രാജൻ (സംസ്ഥാന പ്രതിനിധികൾ).

## കാസർഗോഡ് ജില്ല

മുപ്പതാം കാസർഗോഡ് ജില്ലാ സമ്മേളനം സ്വാമി നിത്യാനന്ദ പോളിടെക്നിക്ക് കാഞ്ഞങ്ങാട് സംഘടിപ്പിച്ചു.
സംസ്ഥാന കമ്മറ്റി നിർദേശാനുസരണം ജില്ലയിലും മെമ്പർഷിപ്പ് പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. വിവിധ സ്ഥാപനങ്ങളിൽ നിന്നായി 37 അംഗങ്ങൾ മെമ്പർഷിപ്പ് സ്വീകരിച്ചു. തുടർന്ന് സ്വാമി നിത്യാനന്ദ പോളിടെക്നിക്ക് കാഞ്ഞങ്ങാട്, ജില്ലാ സമ്മേളനം സംഘടിപ്പിച്ചു. സമ്മേളനം സംസ്ഥാന പ്രസിഡൻറ് ശ്രീ.എസ്.ബിജു ഉദ്ഘാടനം ചെയ്തു, സംസ്ഥാന വൈസ് പ്രസിഡൻറ് ശ്രീ വത്സലകുമാർ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് ഗിരിചന്ദ്രൻ നായർ മുഖ്യ പ്രഭാഷണം നിർവ്വഹിച്ചു.
ജില്ലാ ഭാരവാഹികൾ
പ്രസിഡന്റ് : പ്രദീപ്
സെക്രട്ടറി : ജ്യോതിഷ്കുമാർ
ട്രഷറർ : പ്രഭാത് എന്നിവരെയും സംസ്ഥാന കമ്മറ്റി അംഗങ്ങളായി രഘു, ഇബ്രാഹിം ഖലീൽ , ഷിനോജ് കുമാർ എന്നിവരെയും തെരഞ്ഞെടുത്തു.

## വയനാട് ജില്ല

വയനാട് ജില്ലാ സമ്മേളനം ഗവ ടെക്നിക്കൽ ഹൈസ്കൂൾ സുൽത്താൻബത്തേരിയിൽ വച്ച് നടത്തി. സമ്മേളനം സംസ്ഥാന പ്രസിഡൻറ് ശ്രീ.എസ്.ബിജു ഉദ്ഘാടനം ചെയ്തു. സംസ്ഥാന വൈസ് പ്രസിഡൻറ് ശ്രീ എൻ. ആർ.ശ്രീജിമോൻ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന വൈസ് പ്രസിഡൻറുമാരായ എസ്. വത്സലകുമാർ, ഗിരി ചന്ദ്രൻ നായർ മുഖ്യ പ്രഭാഷണം നിർവ്വഹിച്ചു.

ജില്ലാ ഭാരവാഹികൾ
പ്രസിഡന്റ് : കെ.ബി. സുജിത്ത് കുമാർ
സെക്രട്ടറി : അനീഷ് .ഇ .എ
വനിതാ പ്രതിനിധി :.രാജി ആർ എന്നിവരെയും സംസ്ഥാന കമ്മറ്റി അംഗങ്ങളായി ശ്രീജിമോൻ, സുജിത്ത് കുമാർ, വിജേഷ് എന്നിവരെയും തെരഞ്ഞെടുത്തു.

## കണ്ണൂർ ജില്ല

മുപ്പതാം കണ്ണൂർ ജില്ലാ സമ്മേളനം തോട്ടട ഗവ പോളിടെക്നിക്കിൽ സംഘടിപ്പിച്ചു. സമ്മേളനം സംസ്ഥാന പ്രസിഡൻറ് ശ്രീ.എസ്. ബിജു ഉദ്ഘാടനം ചെയ്തു, സംസ്ഥാന വൈസ് പ്രസിഡൻറ് ശ്രീ എസ് വത്സലകുമാർ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന വൈസ് പ്രസിഡൻറ് ഗിരിചന്ദ്രൻ നായർ മുഖ്യ പ്രഭാഷണം നിർവ്വഹിച്ചു .

ജില്ലാ ഭാരവാഹികൾ
പ്രസിഡന്റ് : സുരേന്ദ്രൻ
സെക്രട്ടറി : നിധീഷ്
ട്രഷറർ : താരേഷ് എന്നിവരേയും സംസ്ഥാന കമ്മറ്റി അംഗങ്ങളായി എസ്.വത്സലകുമാർ, സതീശൻ, ഒ.രത്നാകരൻ എന്നിവരെയും തെരഞ്ഞെടുത്തു.

**ആലപ്പുഴ ജില്ല**

ജില്ലാ സമ്മേളനം ചേർത്തല ഗവ പോളിടെക്നിക്കിൽ വച്ച് നടത്തി..സമ്മേളനം സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ.ജി.സൂരജ് ഉദ്ഘാടനം ചെയ്തു. സംസ്ഥാന വൈസ് പ്രസിഡൻറ് ഗിരി ചന്ദ്രൻ നായർ മുഖ്യ പ്രഭാഷണം നിർവ്വഹിച്ചു.

ഭാരവാഹികൾ
പ്രസിഡന്റ് : ജോസഫ് ഫെലിക്സ്
വൈസ് പ്രസിഡന്റ് :അജയകൃഷ്ണൻ
സെക്രട്ടറി: അനിൽകുമാർ
വനിതാ പ്രതിനിധി :ബിന്ദു ലോറൻസ് എന്നിവരെയും സംസ്ഥാന കമ്മറ്റി അംഗങ്ങളായി ജോസഫ് ഫെലിക്സ്, പോൾ ജയിംസ്, അശോകൻ ടി. എന്നിവരെയും തെരഞ്ഞെടുത്തു.

**കോഴിക്കോട് ജില്ല**

ആക്റ്റോയുടെ 30-ാം ജില്ലാ വാർഷിക സമ്മേളനം കോഴിക്കോട് ഗവ: എഞ്ചിനീയറിംഗ് കോളേജിൽ വച്ച് നടത്തി.

ജില്ലാ ഭാരവാഹികൾ
പ്രസിഡന്റ് : നിനേജ് എം
സെക്രട്ടറി : ബൈജു യു.വി,

സംസ്ഥാന കമ്മറ്റി അംഗങ്ങൾ: സന്തോഷ് കുമാർ കെ.ജി., റോജി കെ പാപ്പച്ചൻ, ബൈജു യു.വി. എന്നിവരെയും തെരഞ്ഞെടുത്തു

**പത്തനംതിട്ട ജില്ല**

ആക്റ്റോയുടെ 30-ാം ജില്ലാ വാർഷിക സമ്മേളനം കോഴിക്കോട് ഗവ: എഞ്ചിനീയറിംഗ് കോളേജിൽ വച്ച് നടത്തി.

ജില്ലാ ഭാരവാഹികൾ
പ്രസിഡന്റ് : പ്രസാദ്. ഡി,
സെക്രട്ടറി : അനുരാഗ് (വെണ്ണിക്കുളം),

സംസ്ഥാന കമ്മറ്റി അംഗങ്ങൾ: ജയറാം (എൻ.എസ്. എസ്.പോളി), അനുരാഗ് (വെണ്ണിക്കുളം), ഷിഹാബ്

**തൃശ്ശൂർ ജില്ല**

ആക്റ്റോയുടെ 30-ാം ജില്ലാ വാർഷിക സമ്മേളനം തൃശ്ശൂർ ഗവ: എഞ്ചിനീയറിംഗ് കോളേജിൽ വച്ച് നടത്തി.

ജില്ലാ ഭാരവാഹികൾ
പ്രസിഡന്റ് : പ്രകാശ് ജി.കെ

സെക്രട്ടറി : സജീവ് ഐവി.
സംസ്ഥാന കമ്മറ്റി അംഗങ്ങൾ: എൽദോ കെ.സി., പി.ടി. അജയകുമാർ

**എറണാകുളം ജില്ല**

ആക്റ്റോയുടെ 30–ാം ജില്ലാ വാർഷിക സമ്മേളനം 27.03.2021 ൽ കോതമംഗലം മെന്റർ അക്കാദമി ഹാളിൽ വച്ച് നടത്തി. AKTO ജില്ലാ സമ്മേളനം ട്രഷറർ ശ്രീ.വി.പി.എൽദോസ് ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ശ്രീ. എൽബി വർഗീസ് അദ്ധ്യക്ഷത വഹിച്ചു. റിപ്പോർട്ട്, വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ചു. യോഗത്തിന് ശ്രീ. പുഷ്പൻ എം.എം. കൃതജ്ഞതയും രേഖപ്പെടുത്തി.

ഭാരവാഹികൾ
പ്രസിഡന്റ് : ശ്രീ.എൽബി വർഗീസ് എം.എ. കോളേജ് കോതമംഗലം
സെക്രട്ടറി : ശ്രീ. പുഷ്പൻ എം.എം. ജി.പി.റ്റി.സി. കോതമംഗലം
ട്രഷറർ : ശ്രീ. കുര്യാക്കോസ് ഐസക്ക്
മറ്റ് ഭാരവാഹികൾ
വൈസ് പ്രസിഡന്റ് ശ്രീ. ബിനോയ് പോൾ
ജോ. സെക്രട്ടറി ശ്രീ. ജീറ്റ്സി പോൾ
സംസ്ഥാന പ്രതി നിധികളായി ശ്രീ. വി.പി. എൽദോസ് (എം.എ. കോളേജ് കോതമംഗലം), ശ്രീ. ഏലിയാസ് പോൾ (എം.എ. കോളേജ് കോതമംഗലം) ശ്രീ. ഇമ്മുവൽ (റ്റി.എച്ച്.എസ്. മുളന്തുരുത്തി) എന്നിവരെയും തെരഞ്ഞെടുത്തു.

**മലപ്പുറം ജില്ല**

ഓൾ കേരള ട്രേഡ് ഇൻസ്ട്രക്ട്രേഴ്സ് ആന്റ് ട്രേഡ്സ്മാൻ ഓർഗനൈസേഷൻ(എ.കെ.ടി.ഒ.) മലപ്പുറം ജില്ലാ സമ്മേളനം ഓൺലൈൻ ആയി നടത്തി.

എ.കെ.ടി.ഒ സംസ്ഥാന പ്രസിഡന്റ് എസ്. ബിജു സമ്മേളനം ഉദ്ഘാടനം ചെയ്തു. ഗൂഗിൾ പ്ലാറ്റ്ഫോമിൽ സംഘടിപ്പിച്ച ജില്ലാ സമ്മേളനത്തിൽ എ.കെ.ടി.ഒ. ജില്ലാ പ്രസിഡന്റ് സന്തോഷ് കുമാർ പി.സി അദ്ധ്യക്ഷത വഹിച്ചു. സോണൽ സെക്രട്ടറി ടി.ഐ. ഷാനവാസ് സ്വാഗതം പറഞ്ഞു. പ്രമോഷനുകൾക്ക് സാധ്യതയില്ലാത്ത ട്രേഡ് ഇൻസ്ട്രക്ടർമാരുടെ ന്യായവും അർഹവും ആവശ്യവുമായ റേഷ്യാ പ്രമോഷൻ 1:1:1 നടപ്പിലാക്കുവാൻ ജില്ലാ സമ്മേളനം പ്രമേയത്തിലൂടെ സർക്കാരിനോട് ആവശ്യപ്പെട്ടു,

ട്രേഡ് ഇൻസ്ട്രക്ടർമാരുടെ റേഷ്യോ പ്രമോഷൻ 1:1:1 രീതിയിലാക്കു ന്നതിനുള്ള നടപടിക്രമങ്ങൾ ത്വരിതഗതിയിലാക്കുക, പുതുതായി തുടങ്ങിയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, പുതിയ ബ്രാഞ്ചുകൾ സൃഷ്ഠിച്ച പോളിടെക്നിക് കോളേജുകളിലും എൻജിനിയറിംഗ് കോളേജുകളിലും പഠിതാക്കളുടെ എണ്ണത്തിന് ആനുപാതികമായി ട്രേഡ്സ്മാൻ, ട്രേഡ് ഇൻസ്ട്രക്ടർ തസ്തിക സൃഷ്ടിക്കുക, ടെക്നിക്കൽ സ്കൂളുകളിലെ സ്റ്റാഫിന്റെ അപര്യാപ്ത പരിഹരിക്കുക, സാങ്കേതിക വിഭാഗം ജീവനക്കാരുടെ ഒഴിവുകൾ നികത്തുക, സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുന സ്ഥാപിക്കുന്നതിന് അവശ്യയമായ നടപടി സ്വീകരിക്കുക, ജീവനക്കാർക്കുള്ള ആരോഗ്യ ഇൻഷുറൻസ് നടപ്പിലാക്കുക തുടങ്ങിയവ സമ്മേളനം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു.

എ.കെ.ടി.ഒ സംസ്ഥാന ജനറൽ സെക്രട്ടറി ജി.സൂരജ് മുഖ്യാതിഥിയായി രുന്നു. സംഘടനയുടെ ആനുകാലിക ഇടപെടലുകളും, നേട്ടങ്ങളും എന്ന വിഷയത്തിൽ മുഖ്യ പ്രഭാഷണം നടത്തി.

എ.കെ.ടി.ഒ. സംസ്ഥാന എക്സിക്യുട്ടീവ് കമ്മിറ്റി അംഗങ്ങളായ എസ്.വത്സലകുമാർ, എൻ.ആർ.ശ്രീജിമോൻ, പി.ടി. അജയകുമാർ, സംസ്ഥാന കമ്മിറ്റി അംഗം നൈസാം കരിക്കോട് എന്നിവർ ആശംസകളർപ്പിച്ചു. ടി.എച്ച്.എസ്. കോക്കൂരിൽ നിന്ന് വിരമിച്ച

വി.കെ. വാസുദേവൻ, എ.കെ.എൻ.എം. തിരൂരങ്ങാടി പോളിടെക്നിക്കിൽ നിന്ന് വിരമിച്ച ബൈജുലാൽ എന്നിവർക്ക് ഓൺ ലൈൻ സമ്മേളനം യാത്രയയപ്പ് നൽകി. സമ്മേളനത്തിൽ സംസ്ഥാന കമ്മിറ്റി അംഗം എം..ടി..ജംഷിദ് അനുസ്മരണ കുറിപ്പ് അവതരിപ്പിച്ചു. വേർപിരിഞ്ഞ എ.കെ.ടി.ഒ. കുടുംബാംഗങ്ങൾക്ക് ആദരാജ്ഞലികൾ അർപ്പിച്ചു. സമ്മേളനത്തിൽ പങ്കെടുത്ത എല്ലാവർക്കും എൻ.നാദിർ നന്ദി പറഞ്ഞു.

വരണാധികാരിയായ എ.കെ.ടി.ഒ. സംസ്ഥാന വൈസ് പ്രസിഡന്റ് ആന്റണി സിജോ ജോർജ്ജ് ജില്ലാ ഭാരവാഹികളുടേയും ,സംസ്ഥാന കമ്മറ്റി അംഗങ്ങളുടേയും തിരഞ്ഞെടുപ്പിന് നേതൃത്വം നൽകി. ജില്ലാ പ്രസിഡന്റായി പി.സി. സന്തോഷ് കുമാർ (ഗവ: പോളിടെക്നിക് കോളേജ്, പെരിന്തൽമണ്ണ), ജില്ലാ സെക്രട്ടറിയായി എൻ. നാദിർ (വിമൺസ് പോളിടെക്നിക്ക് കോട്ടക്കൽ) സംസ്ഥാന കമ്മിറ്റി അംഗങ്ങളായി കെ.വി. കബീർ(എസ്.എസ്.എം തിരൂർ), എം. വിനീഷ് കുമാർ (ഗവ: പോളിടെക്നിക് കോളേജ്, പെരിന്തൽമണ്ണ), ടി.ഐ. ഷാനവാസ് (എസ്.എസ്.എം തിരൂർ), എന്നിവരെ തെരഞ്ഞെടുത്തു,

മറ്റു ഭാരവാഹികൾ:

വൈസ് പ്രസിഡന്റ് : കെ.ടി. ഹുസൈൻ (ടി.എച്ച്.എസ്. മഞ്ചേരി)
ജോയിന്റ് സെക്രട്ടറി : പി.ആർ. മധു (ടി.എച്ച്..എസ്. കോക്കൂർ)
ട്രഷറർ : എം.ടി. ജംഷീദ് (എസ്.എസ്.എം തിരൂർ),
വനിതാ പ്രതിനിധി : എം.ടി.മല്ലിക (എ.കെ.എൻ.എം.പോളിടെക്നിക്ക് കോളേജ്, തിരൂരങ്ങാടി)

**പാലക്കാട് ജില്ല**

ഓൾ കേരള ട്രേഡ് ഇൻസ്ട്രക്ട്രേഴ്സ് ആന്റ് ട്രേഡ്സ്മാൻ ഓർഗനൈസേഷൻ (എ.കെ.ടി.ഒ.) പാലക്കാട് ജില്ലാ സമ്മേളനം ഓൺലൈൻ ആയി നടത്തി.

പോളിടെക്നിക്ക് കോളേജുകളിൽ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കണമെന്ന് എ.കെ.ടി.ഒ.) ജില്ലാ സമ്മേളനം ആവശ്യപ്പെട്ടു.

സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. ഗിരിചന്ദ്രൻ നായർ സമ്മേളനം ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് ശ്രീ. എസ്. ബിജു മുഖ്യപ്രഭാഷണം നടത്തി. ജനറൽ സെക്രട്ടറി ശ്രീ. ജി.സൂരജ് സംഘടനാ പ്രവർത്തനങ്ങൾ വിശദീകരിച്ചു. ജില്ലാ പ്രസിഡന്റ് ശ്രീ.വി. ചന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ ആന്റണി സിജു ജോർജ്ജ് സ്വാഗതവും സംസ്ഥാന സെക്രട്ടറി ശ്രീ. ജി. രഞ്ജിത് കുമാർ നന്ദിയും പ്രകാശിപ്പിച്ചു. സോണൽ സെക്രട്ടറി ശ്രീ.പി.ടി. ഷാനവാസ്, സംസ്ഥാന കമ്മിറ്റിയംഗം ശ്രീ.രാജേഷ്, ശ്രീ.റിയാസ് ആലിങ്കൽ, ശ്രീ.എസ്സ്. എം. അനസ്, ശ്രീ.സുരേഷ് ബാബു, ശ്രീ. വി. വിനയൻ, ശ്രീ.ശേഷാദ്രി എന്നിവർ പ്രസംഗിച്ചു.

പ്രസിഡന്റായി ശ്രീ.പി.എസ്സ്.സുരേഷിനേയും(ഗവ: ടെക്നിക്കൽ ഹൈസ്കൂൾ പാലക്കാട്) സെക്രട്ടറി ആയി ശ്രീ.വി. ചന്ദ്രനേയും (ഗവ: പോളിടെക്നിക് കോളേജ്, പാലക്കാട്) സംസ്ഥാന പ്രതിനിധികളായി ശ്രീ ആന്റണി സിജു ജോർജ്ജ്, ശ്രീ. ജി. രഞ്ജിത് കുമാർ, ശ്രീ. എ.എസ്സ്. ശേഷാദ്രി എന്നിവരെ തിരഞ്ഞെടുത്തു.
മറ്റു ഭാരവാഹികൾ:
വൈസ് പ്രസിഡന്റ്: ശ്രീ.എസ്സ്.എം. അനസ്
ജോയിന്റ് സെക്രട്ടറി: ശ്രീ. ലിജീഷ് പി.ബി.
ട്രഷറർ: ശ്രീ. വി. വിനയൻ
വനിതാ പ്രതിനിധി: ശ്രീമതി. എം. ജോതി

**ഇടുക്കി ജില്ല**

ഇടുക്കി ജില്ലയിൽ കഴിഞ്ഞ രണ്ട് വർഷവും ജില്ലാ സമ്മേളനം നടന്നിട്ടില്ല. അതിനാൽ സംസ്ഥാന സമ്മേളനത്തിന് ശേഷം ജില്ലാ സമ്മേളനം ഓൺലൈൻ ആയി വിളിച്ചു ചേർക്കുവാനും പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

## ഉപസംഹാരം

സംഘടനയെ സംബന്ധിച്ചിടത്തോളം വളരെയേറെ വെല്ലുവിളികൾ നിറഞ്ഞൊരു കാലമാണ് കടന്നുപോയത്. കോവിഡ് എന്ന മഹാമാരി നമ്മളെ ഒറ്റപ്പെടുത്തി വീട്ടിലിരിത്തിയപ്പോഴും പുതുമയാർന്ന രീതിയിൽ കേരളത്തിലാദ്യമായി നമ്മൾ സംഘടിപ്പിച്ച ഓൺലൈൻ മെമ്പർഷിപ് ക്യാമ്പയിനിൽ ആവേശ പൂർവ്വം പങ്കെടുത്ത, സംസ്ഥാന, ജില്ലാ, യൂണിറ്റ് പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്ന ഓരോ അംഗങ്ങളോടുമുള്ള നന്ദി വിനയപൂർവം അറിയിക്കുന്നതോടൊപ്പം തുടർന്നും നിങ്ങളുടെ നിസ്സീമമായ സഹകരണവും പ്രതീക്ഷിക്കുന്നു.

സാമൂഹ്യ പ്രതിബദ്ധത ഉള്ള ഒരു സംഘടന എന്ന നിലയിൽ ഈ കെട്ട കാലത്ത് നമ്മുടെ ഒരു ചെറിയ കൈതാങ്ങായി ഒരുലക്ഷത്തിയൊന്നു രൂപ നമ്മൾ CMDRF ലേയ്ക്ക് സംഭാവന നൽകുകയുണ്ടായി.

AKTO മുപ്പതാം സംസ്ഥാന സമ്മേളനം നടക്കുന്ന ഈ അവസരത്തിൽ 1000ൽ പരം അംഗങ്ങളുമായി സംഘടിത ശക്തിയായി നമ്മൾ മുന്നോട്ടു പോകുകയാണ്. റിപ്പോർട്ട് വർഷത്തിൽ സംസ്ഥാന കമ്മിറ്റികളും 12 ഓളം സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റികളും കൂടുകയുണ്ടായി.

ഈ പ്രവർത്തന റിപ്പോർട്ടും വരവ് ചിലവ് കണക്കുകളും പൊതുയോഗത്തിൽ അംഗങ്ങളുടെ അറിവിലേയ്ക്കും വിശകലനത്തിനും അംഗീകാരത്തിനുമായി സവിനയം സമർപ്പിക്കുന്നു.

സ്നേഹാദരങ്ങളോടെ

**സൂരജ്. ജി.,**
**ജനറൽ സെക്രട്ടറി**

# INCOME & EXPENDITURE 2019 - 2020

| Income | | | Expenditure | |
|---|---|---|---|---|
| 01.02.2019 Balance | | | 29th State conference Expense | 196365.00 |
| Balance Cash in hand | 24649 | | Cash Deposit to bank | 63599.00 |
| Cash at bank | 13539 | | District meeting (TA, hallrent, food etc.) | 8439.00 |
| Total | 38188 | 38188.00 | TA & Food Expenses (Executive committee) | 23166.00 |
| 29th State conference income | | 252010.00 | Room Rent | 9294.00 |
| membership total | | 23640.00 | Courier | 2720.00 |
| Working fund by Bank | 28600.00 | | Committee meeting | 23370.00 |
| WF by cash | 89650 | | DTP & Photostat | 2344.00 |
| Total | 118250 | 118250.00 | Govt. Fee | 335.00 |
| Cash withdrawal from bank | | 48000.00 | Additional Trophy | 2380.00 |
| Bank interest | | 670.00 | Telephone Charges | 2507.00 |
| Conference fund | | 8000.00 | Stationary | 3003.00 |
| Treasures advance | | 4000.00 | Printing | 24203.00 |
| | | | Unit Visit | 24315.00 |
| | | | Dharnna Expenses | 41923.00 |
| | | | Preliminary Expenses 30th state Conference | 45565.00 |
| | | | Website | 1923.00 |
| | | | Office Rent | 10000.00 |
| | | | Other expenses | 980.00 |
| | | | Auditing expenses | 2025.00 |
| | | | Total | 488456.00 |
| | | | Balance Amount Cash in hand | 4302.00 |
| | | | Total | **492758.00** |
| Total | | **492758.00** | | |

| Balance amount | |
|---|---|
| Cash in hand | 4302 |
| Cash at bank | 15598 |
| Total | 19900 |

**Treasurer V P Eldhose MAC Kothamangalam 9846035514**

## Audit Report 2019-20

2019 ഫെബ്രുവരി 1-ാം തീയതി മുതൽ 2020 മെയ് 31 വരെയുള്ള വരവ് ചെലവ് കണക്കുകൾ പരിശോധിച്ചു.

സംസ്ഥാന സമ്മേളനത്തിന് പ്രിന്റ് ചെയ്ത് വിതരണം ചെയ്ത രസീത് ബുക്കുകൾ പല സ്ഥലത്തുനിന്നും തിരിച്ചെത്തിയിട്ടില്ല. വൗച്ചറുകളിലെ തുകകൾ എന്തിനുവേ വിനിയോഗിച്ചു എന്നുള്ളത് കൃത്യമായി രേഖപ്പെടുത്തി തന്നെ സൂക്ഷിച്ചിട്ടു്. ഡേ ബുക്കും, രസീതുകളും വൗച്ചറുകളും, പരിശോധിച്ച് ബോദ്ധ്യപ്പെട്ടു. സംശയങ്ങൾ സെക്രട്ടറിയോടും ട്രഷററോടും ചോദിച്ച് നിവാരണം ചെയ്തു. രേഖകൾ കൃത്യമായി എഴുതി സൂക്ഷിച്ച ട്രഷറർക്ക് പ്രത്യേക അനുമോദനങ്ങൾ. കാഷ് ഇൻ ഹാന്റ് ആയി 4302 രൂപയും കാഷ് അറ്റ് ബാങ്ക് ആയി 15598 രൂപയും ഉൾപ്പെടെ ആകെ 19900 രൂപ 30.05.2020 ൽ നീക്കിയിരിപ്പു്. അവസാനവട്ട പരിശോധനകൾക്ക് ശേഷം ഈ ഓഡിറ്റ് തൃപ്തികരമായി നടത്തിയതായി ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

**സജികുമാർ കെ.കെ.**
സ്റ്റേറ്റ് ഓഡിറ്റർ റ്റി.എച്ച്.എസ്. പാമ്പാടി
9495041183

# A.K.T.O. State Committee

Income & Expenditure 2020-2021

| Income | | | Expenditure | |
|---|---|---|---|---|
| 2019-2020 | | | Bank Deposit | 245203.00 |
| Balance Cash in hand | 4302.00 | | TA & Food | 17754.00 |
| Balance Cash at bank | 15598.00 | 19900.00 | DTP & Photostat | 6846.00 |
| | | | Stamp Paper | 250.00 |
| Bank Interest | | 1725.00 | Stationary | 3045.00 |
| W Fund & Membership by bank | 215180.00 | | Phone charge | 3000.00 |
| W Fund & Membership by Cash | 10120.00 | 225300.00 | Postage & Courier | 9483.00 |
| | | | Unit visit | 17041.00 |
| Cash withdrawal from bank | | 90000.00 | Printing | 24780.00 |
| Conference Fund | | 12700.00 | Room Rent | 4700.00 |
| | | | Malappuram District Conference | 1898.00 |
| Conference fund areere | | | Dharna Expense Malappuram | 7102.00 |
| THS Ayavana | | 2250.00 | | |
| | | | State conference publicity wall painting | 4000.00 |
| Advance cash | | 22000.00 | State committee office rent | 18000.00 |
| | | | Website Expenses | 2620.00 |
| Balance Amount as on 30.05.21 | | | Consultancy fee | 1800.00 |
| Cash in hand 1979.00 | | | Advance Return | 4000.00 |
| Cash in bank 155203.00 | | | Other Expenses | 374.00 |
| Total Balance 157182.00 | | | Total | 371896.00 |
| | | | Balance cash in hand | 1979.00 |
| **Total** | | **373875.00** | **Total** | **373875.00** |

**Treasurer V P Eldhose MAC Kothamangalam 9846035514**

## Audit Report 2020 - 21

2020 ജൂൺ 1 മുതൽ 2021 മെയ് 31 വരെയുള്ള വരവ് ചെലവ് കണക്കുകൾ പരിശോധിച്ചു. ഡേ ബുക്കും വൗച്ചറുകളും രസീതുകളും പരിശോധിച്ച് ബോധ്യപ്പെട്ടു. സംശയങ്ങൾ ട്രഷററോട് ചോദിച്ച് നിവാരണം ചെയ്തു. ട്രഷറർ രേഖകൾ എല്ലാം തന്നെ കൃത്യമായും ഭംഗിയായും എഴുതി സൂക്ഷിച്ച് ഫയൽ ചെയ്തിട്ടു്. ഈ പ്രവർത്തന വർഷത്തെ ഭൂരിഭാഗം വരവ് തുകയും ഓൺലൈൻ ആയാണ് ലഭിച്ചിരിക്കുന്നത് ബാങ്ക് സ്റ്റേറ്റ്മെന്റും സവിസ്തരം പരിശോധിച്ചു.

കഴിഞ്ഞവർഷത്തെ 2 വൗച്ചറുകൾ (മലപ്പുറം ജില്ല) കഴിഞ്ഞ വർഷത്തെ കണക്കുകിളിൽ ചേർക്കാതെ ഈ വർഷത്തെ കണക്കിലാണ് ചേർത്തിരിക്കുന്നത് (മലപ്പുറം ജില്ലാ സമ്മേളനം, തിരുവനന്തപുരം ധർണ്ണ) ഇപ്പോഴത്തെ കോവിഡ് പ്രതിസന്ധിയും അതേ തുടർന്നുള്ള ലോക്ഡൗണും പ്രമാണിച്ച് ടി വൗച്ചറുകൾ അംഗീകരിച്ച് നൽകിയിട്ടു്. ബാലൻസ് തുക കാഷ് ഇൻ ഹാൻഡ് 1979 രൂപയും കാഷ് അറ്റ് ബാങ്ക് 155203 രൂപയും ഉൾപ്പെടെ ആകെ നീക്കിയിരിപ്പ് 157182 ആണ്.

**സജികുമാർ കെ. കെ.**
സ്റ്റേറ്റ് ഓഡിറ്റർ റ്റി.എച്ച്.എസ്. പാമ്പാടി
9495041183

# Notes